
ഗവ.ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്
പതംഗ്
little KITEs

# ഗവ ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## സ്കൂൾ അന്താരാഷ്ട്രനിലവാരത്തിലേക്ക്....






പത്തംഗ്



**എച്ച്. ഷൗക്കത്ത്**

**ഹെഡ്മാസ്റ്റർ**

## ആശംസ

സ്കൂളിലെ ഐ . ടി വിദ്യാർത്ഥികളുടെ കൂട്ടായ്മ ' **ലിറ്റിൽ കൈറ്റ്സ്** ' **ഇ - മാഗസിൻ** പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഈ സംരംഭത്തിലൂടെ വിവരവിനിമയ സാങ്കേതികവിദ്യയുടെ പുതിയ സങ്കേതങ്ങളിലൂടെ വിദ്യാർത്ഥികൾ എത്തിച്ചേരുകയാണ്.

വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള വൈവിധ്യമാർന്ന പരിശീലന പ്രവർത്തനത്തിലൂടെ ഗ്രാഫിക്സ് & ആനിമേഷൻ, മലയാളം കമ്പ്യൂട്ടിങ് & ഇന്റർനെറ്റ് എന്നീ മേഖലകളിൽ മികവുപുലർത്തി എന്നുള്ളതിന് തെളിവാണ് ഈ സംരംഭം എന്നുള്ളതിൽ അഭിമാനമുണ്ട്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, നേതൃത്വം കൊടുത്തുവരുന്ന ലിറ്റിൽ കൈറ്റ്സ് അധ്യാപികമാരായ വി. ഗായത്രി , കെ.ബി . രമണി എന്നിവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

ശൂരനാട് ഗവൺമെന്റ് ഇൻറർനാഷണൽ സ്കൂളിന്റെ മികവാർന്ന നിരവധി പ്രവർത്തനങ്ങളിൽ പൊൻതൂവൽ ആകട്ടെ ' **ലിറ്റിൽ കൈറ്റ്സ്**.





**മായാദേവി. കെ**

**സീനിയർ അസിസ്റ്റന്റ്**

## ആശംസ

ശൂരനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇ- മാഗസിൻ തയാറാക്കുന്നതിൽ വളരെയധികം അഭിമാനവും സന്തോഷവും ഉണ്ട്. ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികൾക്കും ആശംസകൾ നേരുന്നു. ഇവരെ ഇതിന് പ്രാപ്തരാക്കിയ രമണി ടീച്ചർക്കും, ഗായത്രി ടീച്ചർക്കും അഭിനന്ദനങ്ങൾ



**ഡോ. എൻ. സി.  അനിൽകുമാർ**
**പി. ടി. എ  പ്രസിഡന്റ്**

## ആശംസ

വിവര സാങ്കേതികവിദ്യയുടെ അനന്തവും കാലികവുമായ സാധ്യതകൾ യഥാസമയം ബോധ്യപ്പെട്ട്  സ്കൂൾതല  പാഠ്യപദ്ധതിയിൽ ആ ശാസ്ത്ര സാങ്കേതിക ശാഖ ഒരു പഠനവിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ   ഉൾക്കാഴ്ചയുള്ള പ്രവർത്തനങ്ങൾ  ദേശീയ അന്തർദേശീയ    ശ്രദ്ധയും വിവിധ അംഗീകാരങ്ങളും   നേടിയിട്ടുണ്ട് എന്നതിൽ നമ്മുക്ക്  ഏറെ അഭിമാനിക്കാം. വിജ്ഞാനം സാമൂഹ്യ  നന്മയ്ക്കായി  അതിരുകളില്ലാത്ത പ്രയോഗതലത്തിൽ എത്തി ചേരുമ്പോഴാണ് യഥാർത്ഥ സാമൂഹ്യ ലക്ഷ്യം  കൈവരിക്കുന്നത്.   സർഗാത്മകതയും, പ്രായോഗികതയും  ഇഴചേർന്ന് വിവരസാങ്കേതിക പഠനം സ്കൂൾതലത്തിൽ  ലിറ്റിൽ കൈറ്റ്സ് എന്ന തലത്തിലേക്ക് കൂടി പ്രവർത്തനം വിപുലീകരിച്ചു എന്നത്  കൂടുതൽ പ്രതീക്ഷ നൽകുന്നു.  ശൂരനാട്  ഗവ.  ഹയർ  സെക്കന്ററി  സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി ഡിജിറ്റൽ മാഗസിൻ  പ്രകാശനം ചെയ്യുന്നതിൽ അഭിമാനിക്കുന്നതിനോടൊപ്പം  ഇതിനെ കുട്ടികളെ പ്രാപ്തരാക്കുന്ന അദ്ധ്യാപകർ, ഹെഡ്മാസ്റ്റർ  എന്നിവരെ അഭിനന്ദിക്കുന്നു. വൈവിധ്യം നിറഞ്ഞ  സൃഷ്ടികളും, വിവരസാങ്കേതിക  വിദ്യകളുടെ സമന്വയവും  കൊണ്ട് മാഗസിൻ പ്രകാശ പൂരിതമാകട്ടെ എന്നാശംസിക്കുന്നു.





**കെ. കൃഷ്ണകുമാർ**
**സ്റ്റാഫ് സെക്രട്ടറി**

## ആശംസ

മാറ്റത്തിന്റെ പാതയിലാണ് നമ്മുടെ വിദ്യാഭ്യാസരംഗം. ഹൈടെക്ക് ക്ലാസ് മുറികൾ , ഡിജിറ്റൽ പഠന വിഭവങ്ങൾ.....പഠന പ്രക്രിയ ആയാസരഹിതമാക്കുവാൻ വിവര സാങ്കേതിക വിദ്യ ഏറ്റവും ഫലപ്രദമായി നാം ഉപയോഗിക്കുന്നു. ഇതിനൊക്കെ നേതൃത്വം നൽകുന്ന ഐറ്റി .@.സ്കൂൾ യൂണിസെഫ് പുരസ്കാരവും നേടി. എല്ലാ സ്കൂളുകളിലും **ലിറ്റിൽ കൈറ്റ്സ്** ക്ലബ് ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്തെ 1863 സ്കൂളുകളിൽ ചരിത്രത്തിലാദ്യമായി **ഇ - മാഗസിൻ** തയ്യാറാക്കുന്നു. നമ്മുടെ സ്കൂളുകളിലെ പ്രതിഭാധനരായ കുട്ടികൾ തയ്യാറാക്കുന്ന **ഇ – മാഗസിൻ ' പതംഗിന്'** എല്ലാ **ആശംസകളും നേരുന്നു.**



**മാഗസിൻ എഡിറ്റർ**

**അഭിജിത്ത്.എ**

**IX.E**

ഇന്ന് വിവരവിനിമയ സാങ്കേതിക വിദ്യയുടെ കാലമാണ്. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായിട്ടാണ് ' **ലിറ്റിൽ കൈറ്റ്സ്**' എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കുന്നത്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങളാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു. വൈവിധ്യമാർന്ന നിരവധി പരിശീലന പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

ഇന്ന് പുസ്തകവായനയുടെ പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇന്നത്തെ തലമുറ വായനയ്ക്കായി ഇന്റർനെറ്റ് പോലുള്ള നവമാധ്യമങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ ഇ-മാഗസിന്റെ പ്രസക്തി ശ്രദ്ധേയമാണ്. ഇത് ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ '**പതംഗ്**' എന്നപേരിൽ ഒരു ഇ-മാഗസിൻ തയ്യാറാക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകളിൽ നിന്നും സ്വായത്തമാക്കിയ ഞങ്ങളുടെ എളിയ അറിവുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഈ മാഗസിനിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്നും തുടർപ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം സഹകരിക്കണമെന്നുമുള്ള അപേക്ഷയോടെ '**പതംഗ്**' ഞങ്ങൾ നിങ്ങൾക്കുമുന്നിൽ സമർപ്പിക്കട്ടെ......



# ഗവ.ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## എഡിറ്റോറിയൽ ബോർഡ്



അഭിജിത്ത് .എ

IX.E



പവിൻ.എ

IX.D



മുഹമ്മദ് സഫീർ

IX . D



അതുൽ മോഹൻ

IX.E



യദുകൃഷ്ണൻ

IX.D




ജിബിൻ .ബി .തോമസ്

*IX.D*



ഏദ്യ. കെ. വി

**IX.A**



ആദിത്യ .എം .ആർ

IX.A



എച്ച്. ഷൗക്കത്ത്

ഹെഡ്മാസ്റ്റർ



ഗായത്രി .വി



രമണി.കെ.ബി





കെ .കൃഷ്ണകുമാർ

## സ്റ്റാഫ് ഫോട്ടോ



# ഗവഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്






## താളുകളിലൂടെ


* അവിസ്മരണീയ നിമിഷങ്ങളിലൂടെ
* സ്കൂൾ ചരിത്രം
* എൻറെ വിദ്യാലയം - എൻറെ ഓർമ്മകൾ
* Mahatma Gandhi -Motivator of Indian's
* തലമുറകൾക്കുവേണ്ടി
* കടങ്കവിത
* വളർത്തുനായ
* വചനങ്ങൾ
* ഇൻററർനെറ്റിൽ എഴുത്ത്
* പ്രകൃതി മനുഷ്യൻറെ ഇര
* ഇൻററർനെറ്റ്- ഗുണങ്ങളും ദോഷങ്ങളും
* മടക്കയാത്ര
* നെല്ലിൻറെ കഥ
* മൃണാൾ സെൻ
* നിങ്ങൾക്കറിയാമോ?
* എൻറെ പ്രണയിനി
* നിപ വൈറസ്
* അവഗണിക്കപ്പെട്ട വനിതാ ശാസ്ത്രജ്ഞർ
* മണൽത്തരികൾ




* പരിസ്ഥിതി മലിനീകരണം, ആധുനിക ജീവിതം
* കെട്ടുതി
* പ്രതീക്ഷയുടെ ഒരു കത്ത്
* കളനാദം കിളി ഗാനം
* സംസ്കാരവും വിദ്യാഭ്യാസവും
* സ്വപ്നം
* ഇത് ഒരു നൊബേൽ കുടുംബം
* Bird Song
* നമ്മുടെ വിദ്യാലയത്തിൻറെ അഭിമാന നക്ഷത്രങ്ങൾ
* ഡിജിറ്റൽ പെയിൻറിങ്
* നന്ദി




# അവിസ്മരണീയ നിമിഷങ്ങളിലൂടെ













# ഗവ.ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

















# ഗവഹയർ സെക്കന്ററി സ്കൂൾ ശൂരനാട്













# ഗവ ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്












# ഗവ ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്




## സ്കൂൾ ചരിത്രം

വിജ്ഞാനദാഹികളായ നാട്ടുകാരുടെ ശ്രമഫലമായി 1949 ജൂൺമാസത്തിൽ കളത്തൂർ ശ്രീ. വി . ഗോപാലപിള്ള നൽകിയ ഒരേക്കർ സ്ഥലത്ത് സ്ഥാപിതമായ ഇംഗ്ലീഷ് സ്കൂളാണ് ഇന്നത്തെ ശൂരനാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ. സ്കൂൾ സ്ഥാപിക്കുന്നതിന് സർവ്വ ശ്രീ. മുടിയിൽ തറ വി . ഭാസ്കർ, കുമ്പളത്ത് ശങ്കുപിള്ള എന്നിവർ നൽകിയ പ്രോത്സാഹനം സ്മരണീയമാണ്. തെന്നില ബംഗ്ലാവിൽ ശ്രീ. എൻ. ഗോവിന്ദപിള്ള (പ്രസിഡൻറ്) , കളത്തൂർ. വി. ഗോപാലപിള്ള ( സെക്രട്ടറി ) എന്നിവർ ഉൾപ്പെട്ട 15 അംഗ കമ്മറ്റിയാണ് സ്കൂളിൻറെ നേതൃത്വം വഹിച്ചിരുന്നത്.

1954-ൽ സ്കൂളിൽ ആദ്യത്തെ എസ്. എസ്. എൽ . സി ബാച്ച് പരീക്ഷയെഴുതി.

1959 -ൽ വിദ്യാലയം സർക്കാർ ഏറ്റെടുത്തു. തിരക്കേറിയ പൊതു റോഡിന് കിഴക്കുവശത്ത് ഹയർ സെക്കൻഡറിയും, സ്കൂൾ ഓഫീസുകളും, പടിഞ്ഞാറു വശം ഹൈസ്കൂൾ വിഭാഗവും പ്രവർത്തിക്കുന്നു.



## ഭൗതികസൗകര്യങ്ങൾ

3 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളായി 30 ക്ലാസ്സ്മുറികളും ഹെയർ സെക്കൻഡറിയ്ക്ക് 2 കെട്ടിടങ്ങൾ ആയി 12 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. യുപിക്കും, ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. 3 ലാബുകളിലുമായി ഏകദേശം 25 ഓളം ഡെസ്ക് ടോപ്പുകൾ, ലാപ്ടോപ്പുകൾ , പ്രൊജക്ടറുകൾ എന്നിവയുണ്ട്. ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. 18 ക്ലാസ് മുറികൾ ഹൈടെക് ആക്കിയിരിക്കുന്നു. സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സർക്കാർ അധീനതയിൽ, കൊല്ലം ജില്ല പഞ്ചായത്തിൻറെ മേൽനോട്ടത്തിലാണ് ശൂരനാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ വിഭാഗത്തിന്റെ എച്ച് എം ശ്രീ. എച്ച്. ഷൗക്കത്തും ഹയർസെക്കൻഡറി വിഭാഗത്തിന്റെ പ്രിൻസിപ്പൾ Dr: ജെ. ജോൺസണുമാണ്. നാൽപത് അധ്യാപകരും 5 അനധ്യാപകരുമാണ് ഉള്ളത്.

## പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ

* ശ്രീ. എം .ഗംഗാധരക്കുറുപ്പ്- മുൻ പി.എസ്.സി ചെയർമാൻ.
* ഡോ. സുജാതൻ, മുൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഫോറൻസിക് വിഭാഗം മേധാവി.
* ഡോ. അഭിലാഷ്, കാർഡിയോളജിസ്റ്റ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്.
* ഡോ. കമലാസനൻ, നവഭാരത് ഹോസ്പിറ്റൽ, ശാസ്താംകോട്ട.
* ശ്രീ. കെ. സി. രാജൻ, പൊതുപ്രവർത്തകൻ.



## പാഠ്യേതര പ്രവർത്തനങ്ങൾ

* എൻ. സി. സി. എയർ വിംഗ്
* ലിറ്റിൽ കൈറ്റ്സ്
* സ്കൗട്ട് & ഗൈഡ്സ്
* ജൂനിയർ റെഡ് ക്രോസ്
* സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്
* കുട്ടി ഡോക്ടർ
* വിദ്യാരംഗം
* സ്പോർട്സ് ക്ലബ്ബ്
* പരിസ്ഥിതി ക്ലബ്ബ്
* ഗണിത ക്ലബ്ബ്
* സയൻസ് ക്ലബ്ബ്
* സോഷ്യൽ സയൻസ് ക്ലബ്ബ്
* ഗ്രന്ഥശാല
* ലീഗൽ ലിറ്ററസി ക്ലബ്ബ്
* ഇംഗ്ലീഷ് ക്ലബ്ബ്
* ഹെൽത്ത് ക്ലബ്ബ്





**കെ. കൃഷ്ണകുമാർ**
**സ്റ്റാഫ് സെക്രട്ടറി**

## എന്റെ വിദ്യാലയം - എന്റെ ഓർമ്മകൾ

ശൂരനാട് ഗവ: ഹയർ സെക്കൻണ്ടറി സ്കൂൾ- എന്റെ വിദ്യാലയം.

2003 ജൂലൈ ഏഴാം തീയതി കരുനാഗപ്പള്ളി കുഴിത്തറ ഫിഷറീസ് ഹൈസ്കൂളിൽ നിന്നും സ്ഥലം മാറ്റം വഴി ശൂരനാട് ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ എത്തുമ്പോൾ ഞാൻ ഒന്നു മനസ്സിൽ കരുതി ഇനിയുള്ള ശിഷ്ടകാല സേവനം ഈ സ്കൂളിൽ ആയിരിക്കും. അതിന് പല കാരണങ്ങൾ ഉണ്ട്. എന്റെ വീടിനടുത്ത് ഏറ്റവും അടുത്ത് എത്താവുന്ന കൊല്ലം ജില്ലയിലെ വിദ്യാലയം.എനിക്ക് ധാരാളം സുഹൃത്തുക്കൾ ഉള്ള സ്ഥലം. അമ്മയുടെ കുടുംബക്ഷേത്രമായ കടമ്പാട്ട് ക്ഷേത്രവും കുടുംബമൂർത്തിയായ അഴകിയ കാവിൽ അമ്മയും കുടികൊള്ളുന്ന സ്ഥലം. അതിലെല്ലാം ഉപരിയായി സ്കൂളിനെപ്പറ്റി നിലനിന്നിരുന്ന സൽപേരും.ശിഷ്ടകാല സേവനം എന്ന് ഞാൻ സൂചിപ്പിച്ചത് ഒരു കുറഞ്ഞ കാലയളവല്ല. ശേഷിക്കുന്ന 24 വർഷങ്ങൾ. ഈ സ്കൂളിനു വേണ്ടി എന്നാൽ കഴിയുന്നത് ചെയ്യണം എന്നു തന്നെ മനസ്സിൽ കുറിച്ചാണ് ഞാൻ ജോയിൻ ചെയ്തത്.

അന്ന് ലക്ഷ്മി ഭായി ടീച്ചറായിരുന്നു പ്രിൻസിപ്പൽ. ജോയിൻ ചെയ്ത ദിവസം ടീച്ചർ എന്നെ വിളിപ്പിച്ച് SC/ST കുട്ടികൾക്ക് ഗ്രാൻഡ് നൽകുന്നതിൻറെ വിതരണ രജിസ്റ്റർ തയ്യാറാക്കുവാൻ ആവശ്യപ്പെട്ടു. പ്രിൻസിപ്പൽ ആകുമ്പോൾ ആവശ്യപ്പെട്ടു എന്ന് പറയുമെങ്കിലും മാതൃവാൽസല്യം തുളുമ്പുന്ന ഒരു നിർദ്ദേശം എന്നു പറയുന്നതാവും ശരി. ഞാൻ അങ്ങനെ ആദ്യപാഠം പഠിച്ചു. സഹപ്രവർത്തകരെ കുടുംബാംഗങ്ങളെ പോലെ കാണുക . ഏറ്റെടുത്ത ജോലിയുമായി സ്റ്റാഫ് റൂമിൽ എത്തുമ്പോൾ അല്പം പരിഹാസത്തോടെ , പിന്നെ ചില നോട്ടങ്ങൾ. എന്താ കിട്ടിയ പണി? കൂട്ടത്തിലൊരാൾ ചോദിച്ചു.''SC/ST ഗ്രാൻഡ് വിതരണ രജിസ്റ്റർ തയ്യാറാക്കണം! ഞാൻ പ്രതിവചിച്ചു.'' ''സമയത്തുതന്നെ ചെയ്തുതീർത്താൽ നല്ലത്. അടുത്ത പണി ഉടനെ കിട്ടും...!'' ആദ്യ കമൻറ്.'' ഡേയ്.... ഇത്തിരി delay ഇട്ടാൽ പിന്നെ നിന്നെ ഒന്നും ഏൽപ്പിക്കില്ല''അടുത്ത ഉപദേശം . സമയത്തു തന്നെ ചെയ്തു തീർക്കുവാൻ ഞാൻ തീരുമാനിച്ചു. ആ തീരുമാനം തന്നെ ശരി എന്നു തോന്നി. അതുതന്നെയായിരുന്നു ശരിയും എന്നു ഞാൻ മനസ്സിലാക്കുന്നു. അടുത്ത പണി ഉടനെ കിട്ടി! പിന്നെ തുടരെ പണികൾ. അങ്ങനെ ഒരു സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ, ഓഫീസ് ജോലികൾ ഒക്കെ മനസ്സിലാക്കാൻ എനിക്കായി .

പഠിച്ചത് കുറെ പാഠങ്ങൾ. കുറെയേറെ പാഠങ്ങൾ

തെങ്ങമം ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ എന്നെ പഠിപ്പിച്ച ഉണ്ണികൃഷ്ണപിള്ള സാറും സരളാ മണി ടീച്ചറും പത്മാവതി ടീച്ചറുംഎനിക്ക് സഹപ്രവർത്തകർ ആയിരുന്നില്ല. ശൂരനാട് സ്കൂളിലെ എന്റെ രക്ഷിതാക്കൾ ആയിരുന്നു. സ്കൂളിലെ ഏതു പ്രവർത്തനത്തിനും എന്നെ ഒപ്പം കൂട്ടുന്ന അനിയൻ സാറും, സ്റ്റാഫ് റൂമിലെ അന്തരീക്ഷം എപ്പോഴും പൊട്ടിച്ചിരികൾ നിറഞ്ഞതാകുന്നു .



പങ്കജാക്ഷൻ സാറും ഗംഗാധരൻപിള്ള സാറും കാഴ്ചയിൽ ഗൗരവക്കാർ എങ്കിലും സ്നേഹ സമ്പൃഷ്ടമായ മനസ്സിന്റെ ഉടമകളായ എം. വി. രാഘവൻസാറും സദാശിവൻ പിള്ള സാറും വേറിട്ട ഒരു സ്നേഹത്തിന്റെ പ്രതിച്ഛായയും ആയി ജോൺസൺ സാറും ജ്യേഷ്ഠസഹോദരന്മാരെപ്പോലെ രാജീവ് സാറും ചന്ദ്രൻ പിള്ള സാറും ഡിവൈൻ സാറും ശ്രീകുമാർ സാറും പരിണിതപ്രജ്ഞനായ ജോയിക്കുട്ടി സാറും കലയുടെ മീതെ ക്രസ്തത്തെയും കീഴടക്കിയ സോമരാജൻ നായർ സാറും ഞങ്ങളുടെ സ്റ്റാഫിനെ സമ്പന്നമാക്കി.

ആയിടെ കൃത്യമായി 2004 ഫെബ്രുവരി ഏഴാം തീയതി സ്കൂളിലെ 10 അദ്ധ്യാപകർ ഒരു യാത്ര പോകാൻ തീരുമാനിച്ചു .അഗസ്ത്യ കൂടത്തിലേക്ക് പോകാം എന്ന നിർദ്ദേശം വെച്ചത് ഞാനാണ്. എന്റെ സുഹൃത്ത് ശ്രീ എ. എസ് അശോകൻ അഗസ്ത്യ കൂട യാത്രയുടെ ചുമതലയുള്ള ഫോറസ്റ്റർ ആയിരുന്നു. ഞങ്ങളുടെ സംഘത്തലവൻ ഇന്നത്തെ പ്രിൻസിപ്പൽ ജോൺസൺ സാറും. ആറാം തീയതി എന്റെ വീട്ടിൽ താമസിച്ച് ഏഴാം തീയതി അതിരാവിലെ പുറപ്പെട്ടു. എട്ടുമണിക്ക് കൊട്ടൂർ എത്തി. അഗസ്ത്യകൂട യാത്രക്ക് ബോണക്കാട് നിന്നുള്ള പരമ്പരാഗത പാതയല്ല ഞങ്ങൾ തിരഞ്ഞെടുത്തത്. വനപാലകർ പോകുന്ന മറ്റൊരു വനപാത. ഒപ്പം 2 ഫോറസ്റ്റ് ഗാർഡുകൾ. പോകുന്ന വഴിക്ക് ഭക്ഷണ ശാലകളില്ല. 2 ദിവസമാണ് യാത്ര. 5 കിലോ അരി, പയർ.... എന്നിങ്ങനെ ആഹാര സാധനങ്ങളുമായി യാത്ര ആരംഭിച്ചു .കുത്തനെയുള്ള കയറ്റം ഞങ്ങളിൽ ചിലരെ ക്ഷീണിപ്പിച്ചു. യാത്ര കൊടുംകാട്ടിലൂടെ..... ഒപ്പം വന്ന ഫോറസ്റ്റ് ഗാർഡിന് വഴിതെറ്റി. ഒരുആദിവാസി കുടിയിൽ എത്തി. മൂപ്പൻറെ സഹായത്തോടെ യാത്ര. അഞ്ചുമണിക്ക് എത്തിയത് മീൻമുട്ടിയിൽ. കൊടും കാട്.ആർത്തലച്ച് മീൻമുട്ടി വെള്ളച്ചാട്ടം. യാത്ര അന്നവിടെ അവസാനിപ്പിക്കേണ്ടിവന്നു . ഭീതിയുടെ ഒരു രാത്രി.അൽപം ഉറങ്ങി. ഉണർന്ന് അരിയും പയറുമിട്ട് കഞ്ഞി വെച്ച് കുടിച്ച് യാത്ര തുടർന്നു. അഗസ്ത്യകൂടം എന്ന ലക്ഷ്യം ഉപേക്ഷിച്ച് ആയിരുന്നു യാത്ര.



രണ്ടുമണിയോടെ തിരികെ കൊട്ടൂരിൽ... ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവം ആയിരുന്നു അത്. കൊടുംകാട്ടിലൂടെ.....വന്യമൃഗങ്ങൾക്ക് ഇടയിലൂടെ.... ആദിവാസി മൂപ്പൻറെ സഹായം ഇല്ലായിരുന്നെങ്കിൽ ആ കാട്ടിൽ അവസാനിക്കുന്ന ജീവിതയാത്ര........

രണ്ടായിരത്തിയാറിന് ശേഷം ശൂരനാട് സ്കൂളിലെ കുട്ടികൾ നാളിതുവരെ കുടിവെള്ളത്തിനായി ബുദ്ധിമുട്ടിയില്ല. അതുകൊണ്ടുതന്നെ കുടിവെള്ളം നമുക്കൊരു പ്രശ്നവുമല്ല മനുഷ്യൻ അങ്ങനെയാണ്. മുമ്പിലെത്തുന്ന പ്രതിസന്ധി പരിഹരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ അതിനെപ്പറ്റിയും അത് പരിഹരിച്ച രീതിയെപ്പറ്റിയും ഇനിയും അങ്ങനെയൊരു പ്രശ്നമുണ്ടാകാം എന്നതിനെപ്പറ്റിയും ചിന്തിക്കാറില്ല. ശാന്തി ഭവനം ഉണ്ണികൃഷ്ണപിള്ള എന്ന മഹാ മനസ്കൻ ചെയ്തുതന്ന ഉപകാരങ്ങളെ സ്മരിക്കാതെ നമുക്ക്മുന്നോട്ടുപോകാനാകില്ല എന്നതാണ് വസ്തുത.വർഷംതോറും മുന്നൂറോളം കുട്ടികൾക്ക് സൗജന്യമായി യൂണിഫോമും പഠനോപകരണങ്ങളും എത്തിച്ചു തന്നും സൈക്കിൾ സൂക്ഷിക്കുവാൻ സൈക്കിൾ ഷെഡ് ഒരുക്കിത്തന്നും ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കുന്നതിൻറെ ഭാഗമായി ക്ലാസ് മുറികൾ ടൈൽസ് പാകിത്തന്നും തൻറെ വിദ്യാലയത്തോട് സ്നേഹം കാട്ടി.

സ്കൂളിലെ ആദ്യത്തെ ഹൈടെക് ക്ലാസ് മുറി സജ്ജമാക്കി നൽകിയ ശ്രീ . വി. പി ശ്രീകുമാർ എൻറെ ഗുരുനാഥൻ കൂടിയാണ്. തങ്ങളുടെ സ്വകാര്യ സമ്പാദ്യത്തിൽ നിന്നും ധനം മുടക്കി സ്കൂളിനെ സഹായിച്ചവർ ഏറെയാണ്. കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാൻ ക്ലാസ് മുറികൾ ഇല്ലാതെ വന്നപ്പോൾ ഈ നാട്ടും രക്ഷിതാക്കളും ഒന്നായി നിന്ന് ക്ലാസ് മുറികൾ നിർമിച്ചതും ഞാനോർക്കുന്നു. സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമ്പോൾ ആ പ്രോജക്ടിൻറെ പ്രാഥമിക രൂപം തയ്യാറാക്കുവാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കാണുന്നു.



സ്കൂളിലെ പ്രവർത്തനങ്ങളോടൊപ്പം പാഠപുസ്തക രചനയിലും അനുബന്ധ പഠനോപകരണങ്ങളുടെ നിർമ്മാണത്തിലും അദ്ധ്യാപക പരിശീലന പരിപാടികളിൽ സംസ്ഥാനതലത്തിൽ ഇടപെടുവാൻ എന്നെ പിന്തുണച്ചതും എൻറെ വിദ്യാലയമാണ്.

പതിനാറ് വർഷമായി ഞാൻ സ്കൂളിന്റെ ഭാഗമായിട്ട്, ഒപ്പം സ്കൂൾ എന്റെ ഭാഗമായിട്ട്. ഇനിയും ഏറെ അനുഭവങ്ങൾ എഴുതാനുണ്ട്. സ്കൂളിന് അകത്തും പുറത്തും എന്നെ സ്നേഹിക്കുന്ന ഒരു വലിയ സുഹൃദ് വൃന്ദം എനിക്കുണ്ട്. ഏതു പ്രതിസന്ധിയിലും ഒപ്പം നിൽക്കുന്ന ആ സൗഹൃദങ്ങളാണ് എന്റെ കരുത്ത്. എന്നെ ഞാനാക്കിയത്, എന്റെ ദുർബല മനസിനെ കരുത്തുറ്റതാക്കിയത്, പ്രശ്നങ്ങളെ പതറാതെ നേരിടാൻ പഠിപ്പിച്ചത് ആ സൗഹൃദങ്ങളാണ്.എന്റെ വിദ്യാലയ  അനുഭവങ്ങൾ ഇവിടെ അവസാനിക്കുന്നില്ല.........



## Poem



**Abhijith. A**
**IX.E**

# Mahatma Gandhi
## - Motivator of Indian's



*Your beliefs become your thought.

*Your thought become your word.

*Your words become your action.

*Your action become your habits.

*Your habits become your value.

*Your value become your destiny.

## കവിത



ദിയ ഫാത്തിമ

**IX.F**

## തലമുറകൾക്കുവേണ്ടി

ഇന്നു പാടുന്ന കിളികളും ഒഴുകുന്ന പുഴകളും
നാളെ നമുക്കായി ഈ മണ്ണിൽ കാണുമോ
ഇന്നത്തെ കണ്ണിലെ കാഴ്ചകൾ നാളെയ്ക്കായി
മാറ്റിവയ്ക്കാൻ ആരു കാണും
തപ്പും തുടിയും ശംഖൊലിയും
മങ്ങിയൊരോർമയായി മാറിട്ടുമോ
ഇനിയാര് കാണും ഇനിയെന്തു കേൾക്കും
സ്നേഹമെന്തെന്നതിൻ പെരുമ എന്ന്
ഇനിയൊന്നുമീമണ്ണിൽ ശേഷിക്കയില്ലെന്ന്
കവിപാടിയത് ഞാനോർക്കുന്നു
കിടാങ്ങളെ നിന്നോട് ചൊല്ലിടാം
ഉണ്ടായിരുന്നു നമുക്കൊരു നാൾ





**ആതിര**

**IX.B**

# കടങ്കവിത

1. ആലിൻ മുകളിൽ കണ്ടോളൂ ശീലക്കുടകൾ ധാരാളം
വിൽക്കാനുള്ളവയല്ലത്രെ രാവിൽ കാണുക ഇല്ലത്രെ

_ വവ്വാൽ

2. വെള്ള അപ്പത്തിന് ഇരുമ്പ് ചട്ടി വെള്ളത്തിൽ ആരു
കമിഴ്ത്തിയിട്ടും താണുപോകില്ലീ ഇരുമ്പ് ചട്ടി
കാണ്മതിലോ വെളുത്ത ചട്ടി

– ആമ

3. മഞ്ഞു പെയ്താൽ അതു തങ്ങിനിൽക്കും വെയില്
പിടിച്ചാലോ തങ്ങിനിൽക്കും രാത്രിയിൽ ആരിതു
നെയ്തെടുത്തു ചന്തമെഴുന്നൊരു ചീനവല

– ചിലന്തിവല

4. കറുത്തവൻ എങ്കിലും ചീനനത്രേ കേൾവി

ഇല്ലെങ്കിലും കാതു രണ്ടും എണ്ണതേച്ചെന്നും കുളിച്ചിരിക്കും

ചൂടേറ്റാൽ അയ്യോ നിലവിളിക്കും

_ചീനച്ചട്ടി

5. അങ്ങു കിഴക്കേ മാനത്ത് കാർമുകിലിൻ തോളത്ത്

അഴകുള്ളൊരു കാവടി ഉണ്ടേ അഭിഷേക കാവടിയുണ്ടേ

പറയാമോ പേരതിനെന്ത്?

_ മഴവില്ല്

6. നടന്നാൽ ചേല് കുണുങ്ങും വാൽ വക്കീൽ കോട്ട്

കുളത്തിൽ പാട്ട്

_ കുളക്കോഴി

7. വരുമ്പോൾ എന്തൊരു ചിരിയാണ് വന്നാൽ പിന്നെ

കലിയാണ് പോകുമ്പോൾ അതു മാഞ്ഞിടും

പിന്നെ  കടലിൽ മുങ്ങീടും

_ സൂര്യൻ



8. കാണാനാഴക് കാടിൻറെ കരുത്ത്

കരിമ്പാറയുടല് കാലിന്മേൽ ഉടല്

_ ആന



കഥ



ദേവിക വിനോദ്. കെ

IX.F

## വളർത്തുനായ

ടിങ്കു പടിക്കരികെ ചേർന്നു കിടന്നു. അങ്ങനെ കിടന്നാൽ വഴിയിലൂടെ കടന്നുപോകുന്നവരെ കാണാം .അങ്ങോട്ടും ഇങ്ങോട്ടും ആളുകളും വാഹനങ്ങളും തന്റെ സഹജീവികളും കടന്നുപോകുമ്പോൾ അവരെയെല്ലാം മാറി മാറി നോക്കും. അവരെല്ലാം ആരുടേയും നിയന്ത്രണമില്ലാതെ എന്തു സ്വാതന്ത്രമായാണ് ജീവിക്കുന്നത്! തനിക്ക് ഈ മതിൽകെട്ടിനുള്ളിൽ മാത്രമേ ഓടി നടക്കാനാവൂ. അതും ചിലപ്പോൾ മാത്രം. ഇവിടെ ആഹാരത്തിന് കുറവില്ല. മിക്കവാറും ദിവസങ്ങളിൽ മത്സ്യം ഉണ്ടാവും. ഇടയ്ക്കൊക്കെ മാംസവും. യജമാനൻ സൗമ്യനാണ്. ചിലപ്പോഴൊക്കെ തന്നെ കളിപ്പിക്കും, പിന്നെ കുളിപ്പിച്ചു മിടുക്കൻ ആക്കുകയും ചെയ്യും. അദ്ദേഹത്തെയും സുധർമ ചേച്ചിയെയും സുനിലിനെയും ഓർക്കുമ്പോൾ ഇവിടുത്തെ ജീവിതം ശാന്തം ആണെന്ന് തോന്നുമെങ്കിലും... അവന്റെ ഉള്ളൊന്ന് തേങ്ങി. ഒരു കൊച്ചു കുര.... തിരിഞ്ഞുനോക്കാതെ തന്നെ ടിങ്കുവിനു മനസ്സിലായി, ടോമി.... അവൻ ഇടയ്ക്കൊക്കെ പടിക്ക് അരികിൽ വന്നു പറയാറുണ്ട്,'' ചേട്ടൻ എത്രനാൾ ഇങ്ങനെ കഴിയും?'' അല്പം കഴിഞ്ഞു അവൻ വീണ്ടും പറയും.''



എന്തെങ്കിലും സൂത്രം പ്രയോഗിച്ച ഈ മതിൽ ചാടിക്കടന്നു ഞങ്ങളുടെ കൂടെ വാ. അപ്പോൾ ലോകം എങ്ങനെയിരിക്കുമെന്ന് കാണാം.'' ടിങ്കു മറുപടിയൊന്നും പറഞ്ഞില്ല. ടോമി പോലീസുകാരൻ വീരപ്പന്റെ വീട്ടിലെ കാവൽനായ ആയിരുന്നു. ഒമ്പതുമാസം പ്രായമായ അവനെ വീരപ്പൻ വിലയ്ക്കു വാങ്ങിയതാണ്. അന്നുമുതൽ യജമാനൻ പറയുന്നത് അനുസരിക്കാതിരുന്നാൽ ചുട്ട അടിയാണ് കിട്ടിയിരുന്നത്. അങ്ങനെ ആ നരകത്തിൽ നിന്ന്അവൻ ചാടിഓടി . അതുകൊണ്ട് ഫലമുണ്ടായില്ല. വീരപ്പനും കൂട്ടുകാരനും അവനെ ഓടിച്ചിട്ടു പിടിച്ചു കൂട്ടിലാക്കി. കുറേനാൾ കൂട്ടിൽ തന്നെ കിടന്നു.പിന്നെ കൂടുതുറന്നു പുറത്തേക്കു വിട്ടപ്പോൾ യജമാനന്റെ താക്കീത്.'' ഇനി ചാടി പോയാൽ നിൻറെ കാല് തല്ലിയൊടിക്കും.'' ടോമി പകച്ചുനിന്നു. അവന് പ്രഹരം കിട്ടാത്ത ഒരു ദിവസം പോലുമുണ്ടായിരുന്നില്ല. എത്രനാൾ ഇങ്ങനെ ദുരിതമനുഭവിക്കണം. മഴയുള്ള ഒരു രാത്രിയിൽ വീണ്ടും അവൻ മതിൽ ചാടി. വഴിയിലും ഉൾപ്രദേശങ്ങളിലും ചുറ്റിനടന്നു. യജമാനന്റെ കണ്ണിൽ പെടാതിരിക്കാൻ അവൻ കരുതലോടെയാണ്നടന്നിരുന്നത്. ഒരുദിവസം വഴിവക്കിലെ കുറ്റിച്ചെടികൾക്കിടയിൽ കിടന്നു ഉറങ്ങുമ്പോഴാണ് യജമാനൻ അവനെ പിടികൂടിയത്.



'' നീ എന്നെ വെട്ടിച്ചു നടക്കുകയാണ് അല്ലേ? കാണിച്ചുതരാം നന്ദികെട്ടവനെ.''

ചങ്ങലയിൽ കിടന്ന് ടോമി ചാടി മറിഞ്ഞു.പിന്നെയും കാരാഗ്രഹത്തിലായി ജീവിതം. ഒരിക്കൽ യജമാനൻ പറയുന്നത് കേട്ടു ,ഇവനെക്കൊണ്ട് എന്തുപ്രയോജനം! കൂട്ടിൽ നിന്ന് വിട്ടാൽ ഇവൻ ഇനിയും മതിൽ ചാടി പോകും. കൂട്ടിൽ കിടന്നാൽ വീട് കാവൽ ആകും? പല വേഷങ്ങളിൽ വരുന്ന മോഷ്ടാക്കളെ എങ്ങനെ തിരിച്ചറിയും?



വീരപ്പൻ പോലീസ് ടോമിയെ കൂട്ടിൽനിന്ന് തുറന്നുവിട്ടു. അവൻ യജമാനനെ രണ്ടു മൂന്നു തവണ ചുറ്റിയിട്ട് മതിൽചാടി ആവുന്നത്ര വേഗത്തിലോടി. പിന്നെ ടോമിയെ പിടിക്കാൻ വീരപ്പൻ മുതിർന്നില്ല . അവനെ നേർവഴിക്ക് കൊണ്ടുവരാൻ കഴിയില്ലെന്ന് അയാൾ കരുതിയിരിക്കണം.

ടോമി അകത്തുനിന്ന ടിങ്കുവിനെ തോണ്ടിയിട്ട് ചോദിച്ചു ''ചേട്ടൻ എന്താണ് മിണ്ടാത്തത്''? ടിങ്കു പറഞ്ഞു ''നീ വേഗം പൊയ്ക്കോ സുനിൽ സ്കൂളിൽനിന്നു വരുന്നുണ്ട് നിന്നെ കണ്ടാൽ അവനു കലി കേറും പിന്നെ എനിക്കായിരിക്കും തല്ലുകിട്ടുന്നത്'' ടോമി ഓടിപ്പോയി. നാലര മണിക്ക് സ്കൂളിൽനിന്ന് തിരിച്ചെത്തേണ്ട സുനിലിനെ ആറു മണി കഴിഞ്ഞിട്ടും കണ്ടില്ല. സുധർമയ്ക്കും പരിഭ്രമമായി. അവൻറെ അച്ഛനാണെങ്കിൽ വീട്ടിലില്ല,ജോലി സ്ഥലത്താണ്.

സമയം ഇഴഞ്ഞിഴഞ്ഞു നീങ്ങുകയാണ്. ആറര മണി കഴിഞ്ഞു. അമ്മ ഏങ്ങി കരയുന്ന ശബ്ദമാണ് ടിങ്കു കേട്ടത്. അവനും സുനിലിനെ കാത്തിരിക്കുകയാണ്. കൃത്യസമയത്ത് എത്തുന്ന സുനിലിനെ കാണാതായപ്പോൾ ടിങ്കുവിന് അസ്വസ്ഥതയും സംശയങ്ങളും ഉദിച്ചു .അവൻ വെറളി പിടിച്ചു അങ്ങോട്ടും ഇങ്ങോട്ടും ഓടി. പിന്നെ സർവ്വശക്തിയുമെടുത്ത് ഒറ്റച്ചാട്ടം. അവൻ മതിലിനു പുറത്തെത്തി നേരെ സ്കൂളിലേക്ക് ഓടി. ഒരിക്കൽ സുനിലിന്റെ അച്ഛനോടൊപ്പം ടിങ്കു സ്കൂളിൽ പോയിട്ടുണ്ട്. ആ ഓർമ്മ അവനിൽ ഉണ്ടായിരുന്നു.

ടിങ്കു സ്കൂൾ പരിസരത്തെല്ലാം ഓടി നടന്നു. സുനിലിനെ അവിടെയെങ്ങും കണ്ടില്ല. നിരാശനായി മടങ്ങുമ്പോൾ ആൺകുട്ടികളുടെ മൂത്രപ്പുരയിൽ നിന്ന് അവ്യക്തമായ തേങ്ങിക്കരച്ചിൽ കേട്ടു.ശ്വാസം മുട്ടിയുള്ള തേങ്ങൽ. ശബ്ദം മുഴുവനായി പുറത്തേക്കു വരുന്നില്ല. ടിങ്കു മൂത്രപ്പുരയിലേക്കോടി.



അകത്തു കടന്ന് ടിങ്കു തൊണ്ട പൊട്ടുമാറുറക്കെ നിർത്താതെ കുരച്ചു.കുര കേട്ട് രാത്രിയിലെ കാവൽക്കാരൻ ശങ്കുണ്ണി പാഞ്ഞെത്തി. അവിടത്തെ കാഴ്ച ശങ്കുണ്ണിയെ സ്തബ്ധനാക്കി. കയ്യും കാലും കൂട്ടി കെട്ടിയിട്ട നിലയിൽ സുനിൽ നിലത്തു കിടന്നു അനങ്ങുന്നു. അവന്റെ വായിൽ തുണി തിരുകിയിരുന്നതിനാൽ സംസാരിക്കാൻ കഴിഞ്ഞില്ല.വളരെ പണിപ്പെട്ടാലെ കുറച്ചെങ്കിലും ശബ്ദം പുറത്തു വരുമായിരുന്നുള്ളൂ. പരിസരത്ത് ആരുമില്ലാതിരുന്നതിനാൽ അവന്റെ ഞരക്കവും ആരും കേട്ടില്ല.സുനിലിൻറെ വായിൽ തിരുകി വെച്ചിരുന്ന തുണി ടിങ്കു കടിച്ചു വലിച്ചെടുത്തു.


'' ടിങ്കു...'' സുനിൽ വിളിച്ചു. സുനിലിൻറെ കൈകാലുകളിൽ കെട്ടിയിരുന്ന കയർ കാവൽക്കാരൻ അഴിച്ചു നീക്കി. വളരെ പണിപ്പെട്ടാണ് സുനിൽ നിവർന്നു നിന്നത്. അവന്റെ കയ്യിൽ വാച്ചും മോതിരവും ഉണ്ടായിരുന്നില്ല. അവൻറെ സ്വർണ്ണമാലയും അരഞ്ഞാണവും നഷ്ടപ്പെട്ടിരുന്നു.'' എന്നെ കെട്ടിയിട്ടു ആ കള്ളന്മാർ അരഞ്ഞാണവും മോതിരവും വാച്ചും മാലയുമായി കടന്നുകളഞ്ഞു. തിരിച്ചറിയാതിരിക്കാൻ അവർ മുഖംമൂടി വച്ചിരുന്നു.'' ടിങ്കു കുരച്ചു. അവൻ സുനിലിനെയും കാവൽക്കാരനെയും കൂട്ടി സ്കൂൾ ഗെയ്റ്റിനടുത്ത് എത്തിയപ്പോൾ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി സുനിലിൻറെ അച്ഛനുമമ്മയും വരുന്നുണ്ടായിരുന്നു .അവൻ സുനിലിനെയും ടിങ്കുവിനേയും കാവൽക്കാരനെയും മാറിമാറി നോക്കി. അമ്മ സുനിലിനെ കെട്ടിപ്പിടിച്ചു കരഞ്ഞു.' ഇവനെ അർഹിക്കുന്നവർക്ക്...... മോനെ..., നിന്നെ കിട്ടിയല്ലോ... എന്തെല്ലാം ഇഷ്ടമായാലും.... അതുമതി.'' കരച്ചിലിനിടയിൽ അവരുടെ വാക്കുകൾ ചിതറിപ്പോയി. '' മോനെ..'' അച്ഛൻറെ ശബ്ദം പുറത്തുവന്നില്ല. അദ്ദേഹം അവൻറെ ശിരസ്സിലും പുറത്തും തലോടി.



എല്ലാം നോക്കിക്കൊണ്ട് ടിങ്കുവും കാവൽക്കാരനും നിന്നു .സുധർമ്മ സുനിലിനെ വിട്ടു ടിങ്കുവിൻറെ കഴുത്തിൽ കൈ ചുറ്റിയിട്ട് പറഞ്ഞു.'' നീ ഞങ്ങളുടെ മകനെ കണ്ടെത്തി, നീ നല്ലവനും ബുദ്ധിമാനും ആണെടാ, നിനക്ക് ഇവിടേക്ക് ഓടിയെത്താൻ തോന്നിയല്ലോ''. '' ടിങ്കു നീ നന്ദിയുള്ളവനാണ്'' അച്ഛൻ ടിങ്കുവിൻറെ പുറത്തുതട്ടി സന്തോഷിപ്പിച്ചു.'' ഈ നായ കുരച്ചില്ലായിരുന്നുവെങ്കിൽ സുനിലിനെ ആരുംകാണാതെ ഇവിടെ കിടക്കുമായിരുന്നു. തീറ്റ കൊടുക്കണമെങ്കിൽ നായക്ക് കൊടുക്കണം''. കാവൽക്കാരൻ പറഞ്ഞു എല്ലാവരും പുറത്തിറങ്ങിയപ്പോൾ കാവൽക്കാരൻ സ്കൂൾ ഗേറ്റ് അടച്ചു. വീട്ടിലെത്തിയ ടിങ്കു കൂട്ടിലേക്ക് കയറിയപ്പോൾ അച്ഛൻ പറഞ്ഞു'' ഇനി നിന്നെ കൂട്ടിലും പൂട്ടിയും ഇടുന്നില്ല.വാ ടിങ്കു ഇനി നിനക്ക് എവിടെയും പോകാം, വരാം ,എല്ലാം നിൻറെ ഇഷ്ടം പോലെ''. ടിങ്കു വാലാട്ടി. അവൻ തുറന്നു കിടന്ന പടികടന്നു പുറത്തേക്കോടി അച്ഛനുമമ്മയും സുനിലും അത് നോക്കി നിന്നു.'' അവൻ പോയതായിരിക്കുമോ? സുധർമ്മ സംശയം പ്രകടിപ്പിച്ചു.'' അവൻ പോകട്ടെ , സ്വതന്ത്രമായി കഴിയട്ടെ''.

അല്പം കഴിഞ്ഞപ്പോൾ ടിങ്കു തിരിച്ചുവന്നു. സുധർമ്മ അവന് ചോറും മീനും മുട്ടയും കൂട്ടി നല്ലൊരു സദ്യ കൊടുത്തു. പിന്നെഅവൻ ചവിട്ടുപടിയിൽ കയറി ചുരുണ്ടു കൂടി കിടന്നു.







ഏദ്യ. കെ. വി

IX.A


## വചനങ്ങൾ

* സ്വതന്ത്ര മനുഷ്യന് അനുഗുണമായ മൂന്ന് പഠനമേഖലകൾ ഇപ്പോഴും അവശേഷിക്കുന്ന "അങ്കഗണിതം അവയിലൊന്നാണ് "

_ പ്ലേറ്റോ

*ശാസ്ത്രങ്ങളിൽ റാണിയാണ് ഗണിതശാസ്ത്രം. ഗണിതശാസ്ത്രത്തിൽ റാണി അങ്കഗണിതവും

_കാൾ. എഫ്.ഗോസ്



*സംഖ്യയാണ് ഈ പ്രപഞ്ചത്തെ ഭരിക്കുന്നത്

_പൈതഗോറസ്

*ഒരു ഗണിതശാസ്ത്രജ്ഞൻ ഒരു മഹാനാണ്. അല്ലെങ്കിൽ അയാൾ ഒന്നുമല്ല

_ആൽഫ്രെഡ് അസ്ലർ



*ഏതൊരു ബിന്ദുവും ഏതൊരു ആരവും ഒരു വൃത്തം നിർണയിക്കുന്നു

_യൂക്ലിഡ്

*ലക്ഷ്യം , പരിഹാസം, വെറുപ്പ് എന്നിവ ഗണിതശാസ്ത്രത്തിൻറെ വിവിധ ശാഖകളാണ്

_ലൂയിസ് കരോൾ

*ഞാൻ ഇനിയും പഠനം തുടർന്നാൽ പ്ലേറ്റോയുടെ ഉപദേശം ഗണിതത്തിൽ തുടങ്ങുകയും ചെയ്യും .

_ഗിലീലിയോ ഗലീലി

*ഗണിത ശാസ്ത്രം എന്നത് ഒരു മിതവ്യയത്വമാണ് .

_എൻനിസ്സ് മാക്ക്

*യുക്തിപരമായ ചിന്തകളുടെ കവിതയാണ് ശുദ്ധഗണിതം .

_ആൽബർട്ട് ഐൻസ്റ്റീൻ

*എവിടെ ദ്രവ്യം ഉണ്ടോ അവിടെ ജ്യാമിതിയുണ്ട് .

_ജൊഹാൻ കെപ്ലർ

*ഏതെങ്കിലും രീതിയിൽ പ്രകൃതി പ്രതിഭാസങ്ങൾക്ക് ബാധകമാക്കാൻ കഴിയാത്ത ഒരു ഗണിതശാസ്ത്ര ശാഖയും ഇല്ല.അത് എത്രതന്നെ അമൂർത്തം ആണെങ്കിലും.

_ലൊബാച്ചേവസ്കി

*ചലനത്തിൽ ആണ് പ്രപഞ്ചം നിലകൊള്ളുന്നത് പരിപൂർണ്ണ നിശ്ചലത മരണമാണ്

_ബ്ലെയ്സ് പാസ്കൽ



## ലേഖനം



**ജിബിൻ .ബി .തോമസ്**

**IX.D**

# ഇന്റർനെറ്റിൽ എഴുത്ത്

ലോകം മുഴുവൻ വ്യാപിച്ച് കിടക്കുന്ന ഒരു വലിയ ശൃംഖലയിൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുകയാണ് നാം . ഇത് നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതിനാൽ സാങ്കേതികവിദ്യയുടെ സ്വാധീനം സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടു. സാങ്കേതികവിദ്യയുടെ കടന്നുവരവോടെ സാഹിത്യത്തിൽ പുതിയൊരു മേഖലകൂടി ഉയർന്നുവന്നു.അതാണ് സൈബർ സാഹിത്യം . നോവലും കഥയും കവിതയുമെല്ലാം ഇന്ന് സൈബർ രൂപത്തിൽ കടന്നുവരുന്നുണ്ട്.



## സൈബർ ഇടം

ഇന്റർനെറ്റും ഈമെയിലും എല്ലാം ചേർന്ന വിവര വിനിമയ സാങ്കേതിക വിദ്യയുടെ മാത്രമായ ലോകമാണ് സൈബർ ഇടം. 1982 കനേഡിയൻ ശാസ്ത്ര കഥാകാരനായ വില്യം ഗിബ്സൺ ആണ് ബേണിങ് ക്രോം എന്ന നോവലിലാണ് സൈബർ സ്പേസ് ആദ്യമായി ഉപയോഗിച്ചത്. പിന്നീട് സൈബർ നെറ്റിക്സ്, സ്പെയ്സ്, എന്നിവ കൂട്ടിയിണക്കി 'ന്യൂറോമൻസർ' എന്ന നോവലിലൂടെ ലോകത്ത് സർവ്വസാധാരണം ആക്കി.

## കഥ,നോവൽ

മലയാളത്തിൽ ഇന്ന് സൈബർ സാഹിത്യം വളരെ സജീവമാണ്. ഇന്റർനെറ്റിൽ പ്രസിദ്ധീകരണ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യരചനകളെ പൊതുവേ സൈബർ സാഹിത്യം എന്നു പറയുന്നു ഇന്റർനെറ്റിലെ വിവിധ പ്രസിദ്ധീകരണ ഇടങ്ങൾ സന്ദർശിക്കുന്ന കൂട്ടുകാർക്ക് ഇത്തരം രചനകളെ അടുത്തറിയാൻ കഴിയും.കഥയിലും കവിതയിലും നോവലിലും എല്ലാം ഇന്ന് സൈബർ പ്രമേയം വ്യാപകമായി കടന്നുവരുന്നുണ്ട്. കാലത്തിന്റെ മാറ്റം നമ്മുടെ സാഹിത്യ സൃഷ്ടികളിലും പ്രകടമാകുന്നതിന് മികച്ച ഉദാഹരണമാണ് സൈബർ സാഹിത്യം. ഇതെല്ലാം നമ്മുടെ വിരൽതുമ്പിൽ അനായാസം ലഭ്യമാകുന്നു എന്നതാണ് മറ്റൊരു കാര്യം

## സൈബർ നോവൽ

മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യ സൈബർ നോവലുകളിൽ ഒന്നാണ് ' നൃത്തം'. എം.മുകുന്ദനാണ് ഇതെഴുതിയത്. ഒട്ടേറെ പ്രത്യേകതകളുള്ള നോവലാണിത്.സാധാരണയായി നോവലിലും കഥകളിലുമെല്ലാം ഏതെങ്കിലും നാടിൻറെ പശ്ചാത്തലത്തിലായിരിക്കും കഥ പറയുന്നത്.എന്നാൽ നൃത്തം എന്ന നോവലിൽ കഥ ആവിഷ്കരിക്കുന്ന പശ്ചാത്തലം സൈബർ ഇടമാണ്.



ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ പ്രത്യേകിച്ച് ഒരു സ്ഥലം ഇല്ല. അത് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്നു. കൂട്ടുകാർ ഉപയോഗിക്കുന്ന ഇന്റർനെറ്റ് പോലെ. വ്യത്യസ്ത ദേശങ്ങളിൽ ഉള്ള രണ്ട് വ്യക്തികളുടെ ആശയവിനിമയമാണ് നൃത്തം എന്ന നോവലിലെ കേന്ദ്ര പ്രമേയം പക്ഷേ, ഇവിടെ നേരിട്ടല്ല ആശയ വിനിമയം നടക്കുന്നത്. ഒരിക്കൽ പോലും ഇവർ നേരിട്ടു കാണുകയോ ഫോണിൽ സംസാരിക്കുകയോ ചെയ്യുന്നില്ല. കമ്പ്യൂട്ടർ ശൃംഖല ഉണ്ടാക്കിയ സൈബർലോകത്ത് മാത്രമാണ് ഇവർ ആശയം കൈമാറുന്നത്.

## സൈബർ കവിത

ഇക്കാലത്ത് ഒട്ടേറെ നല്ല കവിതകൾ പിറക്കുന്നത് സൈബർ ഇടങ്ങളിലാണ്. വാട്സാപ്പിലും ഫേസ് ബുക്കിലും പിറക്കുന്ന കവിതകൾ മുതൽ, കവിതകൾക്ക് മാത്രമായി ഉള്ള ബ്ലോഗുകൾ വരെ ഇന്ന് സജീവമാണ്. വരികൾ എപ്പോൾ തോന്നിയാലും മൊബൈലിൽ എഴുതി വയ്ക്കുകയോ റെക്കോർഡ് ചെയ്തു വെക്കുകയോ ചെയ്യാനുള്ള സാഹചര്യം ഏറെ സൗകര്യപ്രദമാണ് ഫേസ് ബുക്കിലും ബ്ലോഗുകളിലും ഒക്കെ ഇന്ന് എല്ലാ വിഷയങ്ങളെക്കുറിച്ചും ഉന്നതനിലവാരത്തിലുള്ള ലേഖനങ്ങൾ വിദഗ്ധർ എഴുതുന്നുണ്ട്. എഴുത്തിനു മാത്രമായുള്ള സമൂഹ മാധ്യമ കൂട്ടായ്മകളും ഇന്ന് ഒട്ടേറെയുണ്ട്. എഴുത്തും ചർച്ചകളും നിരൂപണങ്ങളും ഒക്കെയും ഇവിടെ കാര്യമായി നടക്കുന്നു.



## ഉപന്യാസം



അപർണ.വി. ആർ
IX.D

## പ്രകൃതി മനുഷ്യന്റെ ഇര

പച്ചപ്പട്ടു വിരിച്ചു കിടക്കുന്ന നെൽപ്പാടം .കാറ്റത്തുലയുന്ന വൃക്ഷകൈകൾ. പുഞ്ചിരി തൂകുന്ന കുസുമങ്ങൾ .കണ്ണെത്താ ദൂരത്ത് ആരെയോ കാത്തുകിടക്കുന്ന അനന്ത സുന്ദരമായശാന്തമായ സാഗരം. പാട്ടിന്റെ സുന്ദരമായ നാദത്താൽ ഒഴുകി നടക്കുന്ന കാറ്റ്.ആരെയോ തേടി മീനമാസച്ചൂടിൽ ഭ്രാന്തിയെ പോലെ അലയുന്ന ഇളം മഞ്ഞവെയിൽ. മകരമാസത്തിലെ തണുപ്പുള്ള രാത്രിയിൽ ഒഴുകി വീഴുന്ന മഞ്ഞു തുള്ളി. ഹിമാലയത്തിന്റെ മഞ്ഞുപട്ടതയിലൂടെ നടക്കുമ്പോൾ മനസ്സിലുണ്ടാകുന്ന ഏകാഗ്രത, എല്ലാം പ്രകൃതിയുടെ ഓരോ മായാജാലങ്ങൾ. പ്രകൃതി മനുഷ്യൻറെ അമ്മയെന്ന സാഹിത്യപരമായ വാക്കുകൾക്ക് പുറമേ ഇന്ന് പ്രകൃതി മനുഷ്യൻറെ ഏറ്റവും വലിയ ആദ്യത്തെ ഇര തന്നെ . ഭൂമിയുടെ മുലപ്പാലായ ജലത്തെ ഊറ്റി കുടിക്കുന്ന മനുഷ്യരാണ് നാം.



ജലത്തെ അനാവശ്യമായി വറ്റിക്കുന്ന മനുഷ്യരായി നാം ഇന്ന് മാറിക്കഴിഞ്ഞു.ഖനനം ചെയ്തും , മരങ്ങൾ വെട്ടിയും, വയലുകൾ നികത്തിയും പ്രകൃതിയെ മനുഷ്യൻ ഇഞ്ചിഞ്ചായി വധിക്കുന്നു. പ്രകൃതിയും മനുഷ്യരും തമ്മിൽ ഇന്ന് വലിയ വ്യത്യാസമുണ്ട്. ഓരോ വസ്തുവിനെയും തൻറെ കയ്യിൽ ഒതുക്കാൻ അവൻ കൊക്കിനെ പോലെ പതുങ്ങിയിരിക്കും.

എന്നാൽ കൊക്കിനെക്കാളും ബുദ്ധിശാലിയാണ് മനുഷ്യൻ. പ്രകൃതിയിലെ ഭൂരിഭാഗം പ്രദേശവും ശൂന്യമാണ്. മനുഷ്യവാസം ഇല്ലാതെ വരണ്ടുകിടക്കുന്ന പ്രദേശങ്ങളാണ് എവിടെയും. സൂര്യരശ്മിയാൽ ശോഭിച്ച നിൽക്കുന്ന പ്രകൃതി ഇന്ന് ചിത്രകാരന്റെ പെൻസിലിൽ നിന്ന് മാത്രം കാണാം.



പ്രശാന്ത സുന്ദരമായ പ്രകൃതിയിലെ ഒരു കൊച്ചു സംസ്ഥാനമാണ് കേരളം. '' ദൈവത്തിൻറെ സ്വന്തം നാട്''. വിദേശികൾ വരെ ഈ കൊച്ചു കേരളത്തെ ആശ്രയിക്കുന്നു. പച്ചയായ മനുഷ്യന്റെ അധ്വാനവും വിയർപ്പും ഒഴുക്കിയ മണ്ണിൽ ഇന്ന് തല ഉയർത്തിനിൽക്കുന്ന കൂറ്റൻ ഫ്ലാറ്റുകളാണ്. ആധുനിക മനുഷ്യന്റെപുത്തൻ സാങ്കേതികവിദ്യ ഹരിതാഭമായ കേരളത്തെ ഇല്ലാതാക്കുന്നു. വീശി എടുക്കുന്ന നോട്ടിൻറെ പിന്നാലെ അലയുന്ന മനുഷ്യൻ ഇന്ന് കേരളത്തെ ഇല്ലാതാക്കുകയാണ്, കേരളത്തിലെ ഭംഗി നശിപ്പിക്കുകയാണ്.

മനുഷ്യൻ കേരളത്തെ നശിപ്പിക്കുന്നു എന്നത് ഒരർത്ഥത്തിൽ ശരിയാണ്. കേരളത്തിലെ ഇന്നത്തെ അവസ്ഥ നാം ഓരോരുത്തർക്കും അറിയാം. ഇന്ന് നാം കാണുന്നത് ഒരു ആധുനിക കേരളത്തെയാണ്.



കേരളത്തിലെ പഴമയും സൗന്ദര്യവും നഷ്ടപ്പെട്ടു എന്ന സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്.മനുഷ്യർ മനസ്സിലാക്കേണ്ട ഒരു സത്യമുണ്ട്. നാമോരോരുത്തരും പ്രകൃതിയുടെ മക്കളാണ്. നമ്മുടെ അമ്മയായ പ്രകൃതിയെ നാം സ്നേഹിക്കണം. കളകളനാദത്തോടുകൂടി അട്ടഹസിക്കുന്ന നദിയും, മന്ദം മന്ദം ഉലയുന്ന വൃക്ഷവും, കാലചക്രത്തിൻ ഓട്ടപ്പാച്ചിലിൽ രൂപം മാറുന്ന കല്ലും എല്ലാം പ്രകൃതിയുടെ ഒരു മായ.

ഈ വലിയ പ്രകൃതിയിലെ ഒരു കൊച്ചു കണ്ണിയാണ് നമ്മുടെ കേരളം എന്ന് പറഞ്ഞല്ലോ. ഒരുകൊച്ചു കണ്ണി ആണെങ്കിൽപോലും അതിൽ ഒരുപാട് കാര്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. അതിലെ ഓരോ കാര്യവും എടുത്തുനോക്കിയാൽ എത്ര സൗന്ദര്യവും ശോഭയും ഉള്ളതാണ് ഓരോന്നും. സാഹിത്യകാരന്മാർ തൻറെ തൂലികയിൽ നിന്നും എഴുതുന്ന ഓരോ വരിയും, ഓരോ വാക്കും, ഓരോ അക്ഷരവും, വളരെ സാഹിത്യപരമായ കാര്യമാണ്. അതിൽ കൂടുതൽ പ്രകൃതിയെക്കുറിച്ചുള്ള വർണ്ണനയാണ്. എന്നാൽ കുറച്ചു വർഷങ്ങൾക്ക് മുൻപാണ് അതെങ്കിൽ വളരെ ശരിയാണ്. എന്നാലിന്ന് അത് വെറും വാക്കുകൾ മാത്രം.

ചില മരങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ ,നന്നായി പൂത്തുനിൽക്കുന്ന സമയം തല ഉയർത്തി നിൽക്കും, എന്നാൽ അതിലെ ഓരോ പൂവും വാടി തുടങ്ങുമ്പോൾ മെല്ലെ അത് തലകുനിക്കാൻ തുടങ്ങും. പിന്നെയും പൂക്കും കായ്ക്കും എന്നാൽ വാടാറാകുമ്പോൾ തലയെടുപ്പോടെ നിന്നതല്ല തലകുനിച്ചു തന്നെ നിൽക്കും. ചില കുട്ടികളെ കണ്ടിട്ടില്ലേ. അയൽപക്കത്ത് നിൽക്കുന്ന മാവിലെയോ,ചാമ്പയിലെയോ, മാങ്ങയോ, ചാമ്പക്കയോ കണ്ടാൽ അത് പെട്ടെന്ന് കൈയ്ക്കലാക്കാൻ ശ്രമിക്കും. എന്നാൽ ഇന്ന് ആ അവസ്ഥയാണ് മനുഷ്യന്. പ്രകൃതിയെ അവൻ എങ്ങനെയൊക്കെയോ വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്നു. കുറേ കഴിയുമ്പോൾ എല്ലാം നിർത്തിവയ്ക്കും. എങ്കിലും നാം ആലോചിക്കേണ്ട ഒരു കാര്യമുണ്ട്, നമ്മെപ്പോലെ തന്നെ പ്രകൃതിക്കും ജീവനുണ്ട്, വേദനയുണ്ട്.



**നമുക്കറിയില്ലേ ഒ.എൻ.വി യുടെ വരികൾ**

' ഇനിയും മരിക്കാത്ത ഭൂമി

നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി !'

എത്രയോ ഭംഗിയുള്ള വരികളാണ് അല്ലേ. കാലം മാറുന്തോറും മനുഷ്യനും അവൻറെ ചിന്തകളും മാറും.പുത്തൻ ലോകത്തെ കയ്യടക്കാൻ അവൻ പലരീതിയിലും ശ്രമിക്കും. പുത്തൻ

സാങ്കേതികവിദ്യയുടെ ലോകത്ത്, വർണ്ണ വിസ്മയത്തെ അവർ നോക്കികാണുന്നത് വ്യത്യസ്തമായ രീതിയിലാണ്. പ്രകൃതി എന്നത് ചിന്തിക്കാൻ കഴിയാത്തത്ര ഭംഗിയും അഴകാർന്നതുമാണ്. മണ്ണും, മണ്ണിലെ ഓരോ ഘടനകളും, എന്തിന് വേറെ ,പച്ച മണ്ണിൻറെ നേർത്ത ഗന്ധം പോലും നമ്മെ ലയിപ്പിക്കുന്നതാണ് .പ്രകൃതി എന്ന് വാക്കിൽ ഒതുങ്ങി പോകുന്നതല്ല അതിനെ ആഴത്തിലറിയാൻ ഒരുപാടുണ്ട്.



പച്ച സാരിയുടുത്ത നെൽവയലുകൾ, വിത്ത് വിതറുന്ന കർഷകർ, കൊയ്യുന്ന സ്ത്രീകൾ , ഇന്നതെല്ലാം നമുക്ക് ആശ്ചര്യമാണ്. ഇന്ന് എല്ലാം ആധുനികതയുടെ കയ്യിലാണ്. നമ്മുടെ പുത്തൻ ചിന്തകളുടെ കൂട്ടത്തിൽ നമ്മളറിയാതെ പോലും പ്രകൃതിയെ നോവിക്കരുത്. അതു കഷ്ടമല്ലേ?കാലചക്രത്തിൻറെ ഓട്ടപ്പാച്ചിലിൽ, കാലചക്രം ഓടുന്നതിനോടൊപ്പം നമ്മുടെ പ്രകൃതി സൗന്ദര്യം മാറാതെ ഇരിക്കട്ടെ. പച്ചപ്പട്ട് വിരിച്ച വയലേലകൾ, അനന്ത സുന്ദരമായ കടൽ, പുഞ്ചിരി തൂകുന്ന പുഷ്പങ്ങൾ ,ഋതുരാജൻ, മൂളിപ്പാട്ട് പാടുന്ന കാറ്റും, അലയുന്ന വെയിലും, ഹിമാലയവും, താഴ്വരകളും, മഞ്ഞുതുള്ളിയും എല്ലാം ഇതുപോലെ ശോഭയോടെ നിൽക്കാൻ നമുക്ക് ശ്രമിക്കാം

' പ്രകൃതിയാം അമ്മയുടെ വർണ്ണ ശോഭയാൽ

ഇതാ ഞാൻ ഇന്നും എന്നെത്തന്നെ മറന്നിരിക്കുന്നു !!'





നന്ദന.എ

VIII.A

## ഇന്റർനെറ്റ്- ഗുണങ്ങളും ദോഷവും

' ലോകം മുഴുവൻ ഒരു മൗസ് ബട്ടണിൽ ഇന്റർനെറ്റിന്റെ വരവോടെ ആ സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ ഉന്നതമായ സാങ്കേതിക വിദ്യകളിൽ ഒന്നാണ് ഇന്റർനെറ്റ്. ആശയവിനിമയത്തിനും അറിവിനും അപാരമായ സാധ്യതകൾ ജനസമക്ഷം എത്തിച്ച വിസ്മയകരമായ വലക്കണ്ണി. ആധുനികലോകത്തിൽ ഇതിൻറെ സ്വാധീനം എല്ലാ മേഖലകളിലും പ്രത്യക്ഷമായോ പരോക്ഷമായോ നിറഞ്ഞിരിക്കുന്നു. ലോകത്തുള്ള കോടിക്കണക്കിന് കമ്പ്യൂട്ടറുകൾ ഇന്റർനെറ്റ് വഴി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആശയവിനിമയത്തിന് ദൂരവും സമയവും പ്രശ്നമായിരുന്ന കാലഘട്ടത്തിൽ നിന്നും മനുഷ്യൻ ഈ കണ്ടുപിടിത്തത്തോടു കൂടി വളരെയധികം മുന്നോട്ട് പോയിരിക്കുന്നു. ഇന്ന് ഇന്റർനെറ്റിലൂടെ ലോകത്തിന്റെ ഏതു കോണിലുള്ള വ്യക്തിയുമായി ആശയവിനിമയം സാധ്യമാണ്.നിമിഷങ്ങൾക്കകം ദൂരത്തുള്ള ഒരാൾക്ക് സന്ദേശങ്ങൾ കൈമാറാനും പരസ്പരം കാണാനും ഇന്റർനെറ്റ് സാങ്കേതികവിദ്യ സഹായിക്കുന്നു. അനേക ഉപകരണങ്ങൾ നൽകിയിരുന്ന സേവനങ്ങൾ ഈ ഒരു സാങ്കേതിക വിദ്യയുടെ സഹായത്താൽ ഇന്ന് ഒരുമിച്ച് സാധ്യമാണ്.




അമൂല്യ വിജ്ഞാന സമ്പത്തിന്റെ  അവിശ്വസനീയമായ ശേഖരം ഇന്റർനെറ്റിലൂടെ ഇന്ന് ലഭ്യമാണ്. ലോകത്തെവിടെയുമുള്ള എന്തിനെയും കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുവാൻ നമ്മെ  സഹായിക്കുന്ന സെർച്ച് എഞ്ചിനുകളുടെ ഒരു നീണ്ടനിര തന്നെ ഈ അത്ഭുത ലോകത്തുണ്ട്. ഒന്നിനും സമയമില്ല എന്ന മനുഷ്യന്റ്പരാതി വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നിമിഷങ്ങൾക്കകം തന്നെ അവൻ അറിയേണ്ട വിവരങ്ങളുടെ ഫയലുകൾ മുന്നിൽ തെളിയുന്നത്  അത്ഭുതം തന്നെയല്ലേ.' ലോകൈകകുടുംബം' എന്ന സങ്കല്പ സാക്ഷാത്കാര പടവുകൾ കയറുന്നതിന്  സഹായമാകും വിധം ലോകത്തിൻറെ വിരലുകളിൽ പുതിയ സുഹൃത്ബന്ധങ്ങൾ സൃഷ്ടിക്കാനും ആശയങ്ങൾ മറ്റുള്ളവരെ അറിയിക്കുവാനും ഇന്റർനെറ്റിലൂടെ സാധിക്കുന്നു.എന്നാൽ ഏതൊന്നിനെയുംപോലെ ദോഷകരമായ ഒരു ഭാഗവും ഇന്റർനെറ്റിന്റെ  പക്കലുണ്ട് എന്ന കാര്യം അവഗണിക്കാൻ കഴിയില്ല. സൈബർ കുറ്റകൃത്യങ്ങളുടെ അമിതമായ വർദ്ധനവ് ഇതിലൊന്നാണ്. അപകടകരമായആശയവിനിമയം, ആസൂത്രണം എന്നിവ ഇന്റർനെറ്റിന്റെ  സാങ്കേതികവിദ്യകൾ വഴി ഇന്ന് ലഭ്യമാണ്.സഭ്യമെന്നോ അസഭ്യമെന്നോ ഭേദമില്ലാതെഏതു വിവരങ്ങളും ഇന്റർനെറ്റ് വഴി ലഭ്യമാണ്.അതുകൊണ്ട് തന്നെ ശരിയായ നിർദ്ദേശങ്ങളും മുൻകരുതലുകളും ഇല്ലെങ്കിൽ വിദ്യാർഥികളുൾപ്പെടെ  കൗമാരപ്രായക്കാർ തെറ്റായ രീതിയിൽ ഇന്റർനെറ്റ് ഉപയോഗപ്പെടുത്താൻ സാധ്യതയേറെയാണ്. ഗുണദോഷങ്ങൾ തുലനം ചെയ്യുമ്പോൾ തീർച്ചയും ഗുണവശങ്ങൾ ആണ്  ഇന്റർനെറ്റിൽ ഏറെ കാണാനുള്ളത്. ശാസ്ത്ര വളർച്ചയുടെ മധുരകരമായ ഈ ചങ്ങാതിയെ യഥാവിധി പ്രയോജനപ്പെടുത്തുക.....





## കവിത



ആകാശ്

X.F

### മടക്കയാത്ര

എവിടേക്ക പോയെന്റെ കൂട്ടുകാരൻ
നിറമുള്ള ചിരിയുള്ള കൂട്ടുകാരൻ
ഇവിടുണ്ട് നെഞ്ചിലെ കൊടിമര ഉമ്പത്ത്
ചോര പതാകയായി നീ സഖാവേ
ചോന്ന നക്ഷത്രങ്ങൾ കണ്ടോ
ചോരമ്പ പൂക്കളെ കണ്ടോ
അവരേറ്റപാടും ചെങ്കനൽ ച്ചൂടുള്ള
വീരനാം തോഴൻറെ ഗീതം
ഇനിഎന്റെ തോഴരേ തോളോട്ടുതോൾ
ചേർന്ന് പാടുമോ ഒരുമതൻ ഗീതം
മതം ഏതുമാകട്ടെ കൊടി ഏതുമാകട്ടെ
നമ്മൾ മനുഷ്യരാ കൂട്ടുകാരാ
നീ എന്റെയും തോഴനായി പുഞ്ചിരി
ചേലുമായി എന്റട്ടത്തില്ലിനി കൂട്ടുകാരാ
എത്ര കിനാവുകൾ രക്ത പുഷ്പങ്ങളായ്
ഈ മൺതരികളിൽ ചേർന്നലിഞ്ഞു
എത്രയോ വാക്കുകൾ അട്ടഹാസങ്ങളായി
തേങ്ങലോടൊപ്പം വിതുമ്പിനിൽപ്പൂ.
എത്രമഴക്കാറ്റ വന്നുപോകം
എത്രവസന്തങ്ങൾ വേർപിരിയും.



എന്നും നിനക്കായ് ഓർമ്മചെടികളായ
ഈ വഴിയോരത്ത് കാത്തുനിൽക്കും.
നീയെന്റടുത്തില്ലല്ലോ ഞാൻ കൂട്ടുകാരാ
നീയിനിയും വരില്ലല്ലോ കൂട്ടുകാരാ
ഇനിയൊത്ത കൂട്ടുകാർ നിന്നെ തിരഞ്ഞിനീ
ക്കലാലയ കാറ്റിനോടൊപ്പമെത്തും.
നോവേറ്റ വീഴ്ചം കവിതയായി
നീ നെഞ്ചേറ്റി നിൽക്കും കഥകളായി.



## കഥ



കാവ്യ ബാബു

IX.E

## നെല്ലിന്റെ കഥ

ഒത്തിരി ഒത്തിരി വഴികൾ പിന്നിട്ടാണ് ഞാൻ നിങ്ങളുടെ ഭക്ഷണ പാത്രത്തിൽ എത്തിയത്. ആദ്യം എന്നെ മുളപ്പിച്ച ഞാറാക്കി. നന്നായി ഉഴുതുമറിച്ച പാടത്തേക്ക് പറിച്ചുനട്ടു. കളപറിച്ചും വെള്ളവും വളവും തന്നും എന്നെ വളർത്തി. ഞാൻ തഴച്ചുവളർന്നു. കതിരായി. ഞാനും കൂട്ടരും പൊന്നിൻ നിറമായി. പാടം പൊന്നണിഞ്ഞു. കൊയ്തെടുത്ത് മെതിച്ച് മെതിച്ച് എന്നേയും കൂട്ടരെയും കതിരിൽ നിന്നും വേർപെടുത്തി. പിന്നെ എന്നെ പുഴുങ്ങി ഉണക്കി. വല്ലാത്ത വേദന തോന്നി. പിന്നെ മില്ലിലേക്ക്. യന്ത്രത്തിൽ ഇട്ട് എന്റെ തൊലി മാറ്റി. എന്റെ രൂപം ആകെ മാറി. പിന്നെ എന്നെ കടയിലെത്തിച്ചു. ഒടുവിൽ കലത്തിൽ കിടന്നു തിളച്ചു മറിയുമ്പോൾ കഴിഞ്ഞതെല്ലാം ഓർത്തു. എനിക്ക് ഏറെ വിഷമം ആയി. എങ്കിലും സാരമില്ല. നിങ്ങളുടെ വിശപ്പ് മാറുമ്പോൾ ഞാൻ എല്ലാം മറക്കും. എന്നെ പാഴാക്കാതെ സൂക്ഷിക്കണേ...........



## ലേഖനം



പവിൻ.എ
IX.D

## മൃണാൾ സെൻ

ഇന്ത്യൻ നവതരംഗ സിനിമയിലെ അതികായനും ലോകപ്രശസ്ത സംവിധായകനുമാണ് മൃണാൾ സെൻ. സത്യജിത് റായിക്കും ഋത്വിക് ഘട്ടക്കിനുമൊപ്പം ഇന്ത്യൻ സിനിമയെ ലോകഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച സെൻ , മുപ്പതോളം ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.



ഒട്ടേറെ ദേശീയ-രാജ്യാന്തര അവാർഡുകളും നേടിയിട്ടുണ്ട്.എഴുപതുകളിലും എൺപതുകളിലും നവസിനിമയെ സ്നേഹിച്ച കേരളത്തിലെ ചെറുപ്പക്കാർക്കിടയിൽ ശ്രദ്ധേയനായിരുന്ന മൃണാൾ സെൻ. ആദ്യമായി കേരളത്തിൻറെ രാജ്യാന്തര ചലച്ചിത്ര മേള സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ് നൽകിയത് സെൻ ആയിരുന്നു . കയ്യൂർ സമരത്തെക്കുറിച്ച് സിനിമയെടുക്കുവാൻ അദ്ദേഹം ശ്രമം നടത്തിയിരുന്നു .ബംഗാളി, ഹിന്ദി, ഒറിയ, തെലുങ്ക് ഭാഷകളിൽ സിനിമ സംവിധാനം ചെയ്തിട്ടുണ്ട്. 2002 ലാണ് അവസാനമായി ചിത്രം സംവിധാനം ചെയ്തത്. എഴുപതുകളിലെ കൊൽക്കത്ത അടയാളപ്പെടുത്തിയ തുടർച്ച സ്വഭാവമുള്ള ഇന്റർവ്യൂ , കൊൽക്കത്ത 71 , പാഠാത്തിക് എന്നീ ചിത്രങ്ങൾ അദ്ദേഹത്തിന്റെ മാസ്റ്റർപീസുകൾ ആണ്.

പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായിരുന്നു .
1998 മുതൽ 2003 വരെ രാജ്യസഭാംഗമായിരുന്നു.




**മുഹമ്മദ് സഫീർ**

**IX . D**


## നിങ്ങൾക്കറിയാമോ?

1. പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര ഏത്?

ഉത്തരം: ലാക്ടോസ്

2. ലെവുലോസ് എന്നറിയപ്പെടുന്നത്?

ഉത്തരം: ഫ്രക്ടോസ്



3. തേനിൽ അടങ്ങിയിട്ടുള്ള പ്രധാന പഞ്ചസാര ഏത്?

ഉത്തരം: ഫ്രക്ടോസ്

4. മെഴുക് ലയിക്കുന്ന ദ്രാവകം ഏത്?

ഉത്തരം: ബെൻസീൻ

5. സിറിഞ്ചുകൾ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന പദാർത്ഥം?

ഉത്തരം: എഥനോൾ

6. ജലം ശുദ്ധീകരിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ലവണം ?

ഉത്തരം: പൊട്ടാഷ് ആലം

7. കാർബൺ സംയുക്തങ്ങളെ കുറിച്ച് പഠിക്കുന്ന രസതന്ത്ര ശാഖ?

ഉത്തരം: ഓർഗാനിക് കെമിസ്ട്രി

## കവിത



വൈഷ്ണവ്
X.F

### എന്റെ പ്രണയിനി

നറു വെണ്ണയ്ക്ക് വെണ്മ അഴക്

എന്റെ കൺമണിക്ക് ആയിരം അഴക്

ആദ്യം ഞാൻ കണ്ടപ്പോൾ വാശിക്കാരി

പിന്നെ ഞാൻ അറിഞ്ഞതോ, കുസൃതിക്കാരി

നേരിട്ടു കണ്ടപ്പോൾ തൊട്ടാവാടി,

അടുത്ത ചെന്നപ്പോൾ കുറുമ്പുകാരി

നീ ചിരിച്ചാൽ അത് പാലമൃത്-

നീ വിളിച്ചാൽ അത് താരാട്ട്

എത്ര രാവുകളിൽ ഓർത്തിരുന്നു നിന്നെ ഞാൻ

അതു കണക്കെത്ര രാത്രികളിൽ

എന്റെ സ്വപ്നത്തിൽ വാരി പുണർന്നു ഞാൻ

അരികിലെത്തിടുവാൻ എന്ന പോലെ

അവളെ എൻ കണ്ണുകൾ തേടിടുന്നു

അനുരാഗത്തിന്റെ എന്ന പോലെ





## ലേഖനം



വിഷ്ണു. വി . കുമാർ
IX.E

### നിപ വൈറസ്

നിപ എന്ന മാരക വൈറസ് അപ്രത്യക്ഷമായാണ് കേരളത്തിൽ എത്തിയത്. വവ്വാലുകളുടെ ശരീരത്തിൽ വസിക്കുന്ന നിരുപദ്രവകാരിയായ ഒരു വൈറസയാണ് നിപ. ഒരു ആർ.എൻ.എ വൈറസ് ആണിത്. ജനിതക വ്തിയാനത്തിന്റെ അനന്തസാധ്യതകൾ വിസ്മയകരമായി സ്വാംശീകരിച്ചിരിക്കുന്നു എന്ന വസ്തുതയാണ് ഇവയെ ജീവസന്ധാരണത്തിന് പ്രാപ്തമാക്കുന്നത്. റ്റെറോപോഡിഡേ കുടുംബത്തിലെ റ്റെറോപസ് ജീനസിലെ അംഗമാണ് നിപ. നിപ വൈറസിന്റെ സ്വാഭാവിക വാഹകരാണ് ഈ വവ്വാലുകൾ. വവ്വാലുകളുടെ സ്വാഭാവിക ആവാസവ്യവസ്ഥ തകർക്കപ്പെടുക, ഭക്ഷണപദാർത്ഥങ്ങൾക്ക് ദൗർബല്യമുണ്ടാവുക, കുടിനീർ ലഭ്യത കുറഞ്ഞുപോകുക, അസുഖങ്ങൾ ഉണ്ടാവുക, ഭീതിക്ക് വിധേയരാവുക തുടങ്ങിയ ചില പ്രത്യേക അവസ്ഥകളിലൂടെ വവ്വാൽ കടന്നുപോകുമ്പോൾ അവ ക്ഷീണിതരും ദുർബലരും ആകുമ്പോൾ അവയുടെ പ്രതിരോധശേഷി കുറയുകയും അതുവഴി വൈറസുകളുടെ എണ്ണം പെരുകുകയും ചെയ്യുന്നതോടെയാണ് നിപ വൈറസുകൾ ഉഗ്രരൂപം പ്രാപിക്കുന്നത്. മൂത്രം വഴിയും കാഷ്ടം വഴിയും



വൈറസുകൾ പുറം തള്ളുമ്പോൾ പന്നിയും മനുഷ്യരുമടക്കമുള്ള മറ്റു ജീവികളുടെ ശരീരത്തിൽ ഇവ കയറിപ്പറ്റുന്നു.

## ലേഖനം



യദുകൃഷ്ണൻ

IX.D

## അവഗണിക്കപ്പെട്ട വനിതാ ശാസ്ത്രജ്ഞർ

ശ്രദ്ധേയമായ കണ്ടുപിടിത്തങ്ങൾ നടത്തിയെങ്കിലും സ്ത്രീ ആയതുകൊണ്ടുമാത്രം അവഗണിക്കപ്പെട്ട എത്രയോ പേരുണ്ട് ചരിത്രത്തിൽ. ഇന്നും അത്തരം വിവേചനങ്ങൾ ഒന്നും പൂർണ്ണമായി മാറിയിട്ടില്ല. ഇതാ ചിലരെ നമുക്ക് പരിചയപ്പെടാം.

### വേര റൂബിൻ (1928-2016)

ഗാലക്സികളുടെ അടുത്തുനിൽക്കുന്ന നക്ഷത്രങ്ങൾക്കും ഗാലക്സികളുടെ മധ്യത്തിലെ നക്ഷത്രങ്ങളുടെ ഭ്രമണവേഗത തന്നെയാണെന്ന് ആദ്യമായി നിരീക്ഷിച്ച ശാസ്ത്രജ്ഞ. ഇതാണ് ഇരുണ്ട ദ്രവ്യം (dark matter) എന്ന കണ്ടുപിടിത്തത്തിലേക്ക് നയിച്ചത്. വാനനിരീക്ഷണത്തിന് സ്ത്രീകൾ പരിമിതികൾ നേരിട്ട കാലത്താണ് ഏറെ ശ്രദ്ധേയമായ ഈ കണ്ടുപിടിത്തം നടത്തുവാൻ അവർക്ക് കഴിഞ്ഞത്. എന്നാൽ അർഹമായ അംഗീകാരങ്ങളൊന്നും ലഭിച്ചില്ല.

### ചിയൻ ഷിയുംഗ് വു (1912-1997)

അതുവരെ നിലനിന്ന അറിവിന് വിരുദ്ധമായി പാരിറ്റി സംരക്ഷണം ( parity conservation) എന്ന സമിതി നിലനിൽക്കുന്നില്ലെന്ന് തെളിയിച്ചു. പക്ഷേ, പ്രബന്ധം പ്രസിദ്ധീകരിച്ചപ്പോൾസഹപ്രവർത്തകർ അവരുടെ പേര് ഉൾപ്പെടുത്തിയില്ല .



സ്വാഭാവികമായും ഈ കണ്ടുപിടുത്തത്തിന് ലഭിച്ച നോബൽ സമ്മാനത്തിനും അവരുടെ പേര് പരിഗണിച്ചില്ല .

## നെറ്റിസ്റ്റീവൻസ് (1861-1912)

ലിംഗവ്യത്യാസം നിർണയിക്കുന്ന ഇരുപത്തിമൂന്നാമത്തെ ക്രോമസോമിനെക്കുറിച്ചുള്ള കണ്ടുപിടിത്തം തോമസ് മോർഗൻ കണ്ടുപിടിച്ചതായാണ് അറിയപ്പെടുന്നത്. എന്നാൽ കണ്ടുപിടിത്തത്തിലേക്ക് നയിച്ച നിരീക്ഷണങ്ങൾ സ്റ്റീവൻസ് ആണ് മുന്നോട്ട് വെച്ചത്. അത് തെളിയിച്ചതിന് പിന്നിലും അവരുടെ കഠിനാധ്വാനം ഉണ്ടായിരുന്നു.

## എസ്തർ ലെഡർബെർഗ്(1922-2006)

ഭർത്താവായ ജോഷ്വാ ലെഡർ ബെർഗിനൊപ്പമായിരു എസ്തർ പരീക്ഷണങ്ങൾ നടത്തിയിരുന്നത്. ബാക്ടീരിയയുടെ പ്രവർത്തനങ്ങളുമായ ബന്ധപ്പെട്ട ശ്രദ്ധേയമായി നിരീക്ഷണങ്ങൾ അവർ മുന്നോട്ടു വെച്ചു. എന്നാൽ പരീക്ഷണഫലങ്ങൾ ജോഷ്വാ ലെഡർ ബെർഗ് തൻെറതു മാത്രമായി പ്രസിദ്ധീകരിക്കുകയായിരുന്നു.

## കവിത



നന്ദന. കെ. എസ്.
X.A

## മണൽത്തരികൾ



നീ പോകും മുൻപ്
നാമൊരുമിച്ച് നടന്നിരുന്ന ആ മണൽതരികൾ
നിൻറെ പാദതാളം കാതോർത്തിരുന്നു.
അവൾക്ക് നിൻറെ നിസ്വനം പോലും
അകലെയെന്നറിയാം, പക്ഷേ
ഒരിക്കലെങ്കിലും നീ തിരികെ വരുമെന്നും,
എന്നോടൊപ്പം നിൻറെ കഥ
അവളോടും പറയുമെന്നും അവയ്ക്ക് അറിയാം.
ആ നിര നിരീക്ഷണത്തിൽ എൻറെ ശ്വാസത്തിനും,
അടക്കിയ സ്വരത്തിനും കാതോർക്കാൻ
ആ മണൽതരികൾക്കും ഞാനും മാത്രം എന്നറിയുക
നമ്മുടെ കണ്ടുമുട്ടലുകൾ നിന്നെയും എന്നെയും
ഓർമ്മ താളുകളിലേക്ക് നടന്ന കാലം തിരക്കിട്ട്.
അങ്ങനെ എങ്കിൽ ഒടുവിൽ ആ ഓർമകളും
ഞാനും ആ പഴയ മൺത്തരികളും
മാത്രമേ അവശേഷിപ്പ ...



## ലേഖനം



**അബിത.എസ്**
**IX.B**


## പരിസ്ഥിതി മലിനീകരണം, ആധുനിക ജീവിതം

ഇന്ന് സാധാരണക്കാരായ ആളുകൾ മുതൽ മഹാ പണ്ഡിതന്മാരായ ശാസ്ത്രജ്ഞൻമാർ വരെ എല്ലാവരും ചർച്ചചെയ്യുന്ന ഒരു വിഷയമാണ് പരിസ്ഥിതി സംരക്ഷണം. പരിസ്ഥിതിയിൽ വരുന്ന മാറ്റം ജനജീവിതത്തെ ദുരിതപൂർണം ആക്കി തീർക്കുന്നു എന്നും അത് ഭൂമിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയുയർത്തുന്നു എന്നുമെല്ലാം പലരും ചർച്ചചെയ്യുന്ന ഒരു വിഷയമാണ്. സത്യത്തിൽ എന്താണ് പരിസ്ഥിതി ദോഷം ,ഈ ഭൂമുഖത്ത് എങ്ങനെ ബാധിക്കുന്നു എന്നുമുള്ളതായ കാര്യങ്ങളെക്കുറിച്ച് വിശദമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

സൗരയുഥത്തിലെ അംഗം ആണല്ലോ ഭ്രമി. ദൂമിയുടെ സഹോദരങ്ങളായ മറ്റുചില ഗ്രഹങ്ങളിലും ജീവജാലങ്ങൾ ഉണ്ടെന്നും ഇല്ലെന്നും ഉള്ള അഭിപ്രായങ്ങൾ ഇന്നുണ്ട്.



എങ്കിലും ദൂമിയിൽ മാത്രമേ ജീവജാലങ്ങൾഉള്ളൂവെന്നാണ് ഇപ്പോൾ വ്യക്തമായും വിശ്വസിക്കപ്പെടുന്നത്. ദൂമിയുടെ ഘടനയും അതിലെ അന്തരീക്ഷവും കാലാവസ്ഥയുമാണ് ഇവിടെ ജീവന്റെ നിലനിൽപ്പിന് സാധ്യത ഉള്ളതാക്കി തീർക്കുന്നത്.ജീവ വസ്തുവിന്റെ അനേക കാലത്തെ പരിണാമ ഫലമാണ് ഇന്നത്തെ മനുഷ്യൻ.



ഈ മനുഷ്യന് ചുറ്റും കാണുന്ന പ്രകൃതിദത്തമായ അവസ്ഥയെയാണ് പരിസ്ഥിതി എന്ന് പറയുന്നത്. ഭൗതികവും ജൈവപരവുമായ ഘടകങ്ങൾ പരിസ്ഥിതിയിൽ ഉൾക്കൊള്ളുന്നു.

ഭൂമി , ജലം, വായു, എന്നിവ ഉൾകൊള്ളുന്നതാണ് നമ്മുടെ ഭൗതിക പരിസ്ഥിതി.എല്ലാ വിധത്തിലുമുള്ള സസ്യങ്ങളും ജന്തുക്കളും പരസ്പര പൂരകങ്ങളായിട്ടാണ് സ്ഥിതിചെയ്യുന്നത്. അതായത് ഒരു വസ്തുവിന് നിലനിൽപിന് മറ്റൊരു വസ്തു ആവശ്യമാണ്. ഇവ പരസ്പരം പ്രവർത്തിച്ചുകൊണ്ട് ഇരിക്കുമ്പോൾ പലമാറ്റങ്ങൾക്കും കാരണമായിത്തീരുന്നു. ഭൗതിക പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ജൈവ പരിസ്ഥിതിയിലും മാറ്റം ഉണ്ടാകുന്നു. ഈ മാറ്റങ്ങൾ ഒരു പ്രതിഭാസമായി തുടർന്നുകൊണ്ടിരിക്കുന്നു.ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് മനുഷ്യൻ പരിസ്ഥിതിക്ക് ദോഷം ചെയ്യുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന മനുഷ്യൻറെ ചില പ്രവർത്തനത്തെക്കുറിച്ച് മാത്രം സൂചിപ്പിക്കാം... പല തരത്തിലുള്ള മലിനീകരണം തന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. നാം വലിച്ചെറിയുന്ന പല വസ്തുക്കളും മലിനീകരണത്തിന് ഇടയാകുന്നു.

ജനപെരുപ്പം പരിസ്ഥിതി നശിക്കുന്നതിന് മറ്റൊരു കാരണമാണ്. ജനങ്ങൾ ആഹാരസാധനങ്ങൾ ശേഖരിക്കുവാനായി ഭൂമിയെ കൂടുതൽ ചൂഷണ വിധേയമാക്കുന്നു .കൃത്രിമ രീതിയിലുള്ള കൃഷിരീതി തന്നെ ഉദാഹരണം അതുപോലെ ഭൂഗർഭ സമ്പത്തുകൾ കൂടുതൽ ഖനനം ചെയ്തു എടുക്കുന്നതും കാരണം ഭൂമിയുടെ ആന്തരിക ഘടനക്ക് കോട്ടം തട്ടുന്നു. ഭൂമിയിൽ വച്ച് നടക്കുന്ന അണു പരീക്ഷണങ്ങളും ഇതുപോലെ



വിനാശകരമാണ്. വൻതോതിലുള്ള വന നശീകരണം നമ്മുടെ പരിസ്ഥിതിക്ക് ദോഷം ചെയ്യുന്നു.വനനശീകരണം മണ്ണൊലിപ്പിന് കാരണമാകുന്നു. മണ്ണിലെ ജൈവാംശം നഷ്ടപ്പെടുന്നു.



മഴയുടെ ലഭ്യതയില്ലാകുന്നു. അന്തരീക്ഷത്തിലെ ശീതോഷ്ണ നാശത്തിന് അത് കാരണമാകുന്നു. വന്യജീവികളുടെയ ഉന്മൂലനത്തിന് അത് കാരണമായിത്തീരുന്നു . ഭൂമിയുടെ ഫലഫുഷ്ടത അത് തകിടം മറിക്കുന്നു.മനുഷ്യൻറെ ബുദ്ധിശൂന്യമായ പ്രവർത്തനങ്ങൾ പലതും ഈ ഭൂമിയുടെയും അതിലെ ജീവജാലങ്ങളുടെയും നാശത്തിന് വഴി വെക്കുന്നതായി നാം കണ്ടുകഴിഞ്ഞു. ഇങ്ങനെ ആധുനികത ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തനം നാം മതിയാക്കണം.



കഥ



**ആർ.ജി. ഗോപാലകൃഷ്ണപിള്ള**
**ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ്**
**അധ്യാപകൻ**

## കെട്ടുതി

എല്ലാദിവസവും എന്നപോലെ അന്നും അയാൾ സായം സന്ധ്യയിൽ നെൽക്കതിരുകൾ നിറഞ്ഞ പാടവരമ്പത്തു കൂടി ഏകനായി നടന്നു. അസ്തമയ സൂര്യന്റെ പൊൻ ശോഭയിൽ നെൽമണികൾ സ്വർണ്ണ വർണ്ണമണിഞ്ഞ് ഇളം തെന്നലിൽ നൃത്തമാടി. അഞ്ചേക്കർ നിലം സ്വന്തമായുള്ള അയാൾക്ക് രണ്ടേക്കറോളം കര ഭൂമിയും ഉണ്ട് . ഇരിപ്പൂ കൃഷി അയാൾക്ക് ആവേശവും ആഹ്ലാദമായിരുന്നു. പാടത്തിന് പടിഞ്ഞാറ് വശമുള്ള വിശാലമായ പറമ്പിലെ വീട്ടിൽ ഭാര്യയോടും രണ്ട് പെൺമക്കളോടും ഒപ്പം താമസിക്കുന്ന അയാൾക്ക് ഏതൊരു പിതാവിനെയും പോലെ ലളിതമായ മോഹങ്ങളെ ഉണ്ടായിരുന്നുള്ളൂ. പ്രായപൂർത്തിയായ മകളുടെ വിവാഹം വിഭവ സമൃദ്ധമായ സദ്യയോടും നാട്ടുകാരുടെ പൂർണ പങ്കാളിത്തത്തോടെയും നടത്തണം. ചിന്തകൾ അയാളെ പുളകം കൊള്ളിച്ചു. വയൽ പിന്നിട്ട് വീട്ടു പുരയിടത്തിലേക്ക് കയറിയത് അയാൾ അറിഞ്ഞതേയില്ല. അല്പം കൂടി നടക്കണം വീട്ടുപടിക്കൽ എത്താൻ. എങ്കിലും അയാളുടെ മനസ്സ് കാടുകയറി തന്റെ കൊച്ചുമക്കളിലും എത്തി.

തൻറെ കൊച്ചു മക്കളെ ചുമലിൽ ഇരുത്തിയും വിരൽത്തുമ്പിൽ പിടിപ്പിച്ചും പാടവരമ്പിൽ കൂടി നടന്നുനീങ്ങുന്ന സ്വന്തം ചിത്രം അയാളുടെ മനസ്സിലേക്ക് ഓടിയെത്തി. മക്കളുടെ വിവാഹശേഷം സാധിക്കുമെങ്കിൽ കുറേ ഭൂമി കൂടി വാങ്ങണം. അവിടെ ഏത്തവാഴ കൃഷി ചെയ്യണം. നിറയെ തെങ്ങിൻ തൈകൾ നടണം. ഭാവി പദ്ധതികളും അയാൾ ആസൂത്രണം ചെയ്തു. കഴിഞ്ഞ 30 വർഷത്തെ തന്റെ അധ്വാനം തനിക്ക് ആവശ്യമുള്ളതിലധികം സമ്പാദ്യം നേടി തന്നിരിക്കുന്നു. അതിൽ അയാൾ അൽപം പോലും അഹങ്കരിക്കില്ല ,പകരം അയാൾ പ്രകൃതിയോട് നന്ദി പറഞ്ഞു. താൻ പ്രകൃതിയെ സ്നേഹിച്ചത് കൊണ്ട് പ്രകൃതി തന്ന വരമാണ് ഇതെല്ലാം എന്ന് അയാൾ മക്കളോട് പറയുമായിരുന്നു. കൃഷിയിലുള്ള അനുഭവം അയാളെ നല്ല കർഷകൻ ആക്കി. ജീവിതത്തിലെ ഓരോ നിമിഷവും ഹൃദ്യമായി അയാൾക്ക് തോന്നി. തന്റെ ഭാര്യയെയും മക്കളെയും തന്റെ ഭാഗമാക്കി അയാൾ സ്നേഹിച്ചു. അല്ലെങ്കിലും അവരുടെ പിന്തുണ ആണല്ലോ അയാളുടെ ജീവിത വിജയത്തിന്റെ രഹസ്യം.

ഏതോ കിണ്ടി വാലിൽ നിന്നുമെടുത്ത വെള്ളം അയാളുടെ മുഖത്ത് പതിച്ചപ്പോൾ അയാൾ ബോധത്തിലേക്ക് ഉണർന്നു. എന്താണ്താൻ കാണുന്നത്? മുറ്റം നിറയെ ആൾക്കാർ. പലരും കരഞ്ഞ് അവശനായിരിക്കുന്നു. അയാൾ അത്ഭുതത്തോടെ ചുറ്റും നിന്നവരെ നോക്കി. ആരും ഒന്നും മിണ്ടുന്നില്ല. എല്ലാവരും ദുഃഖഭാവം. ഒന്നും അയാൾക്ക് ഓർക്കാൻ കഴിയുന്നില്ല. മകളുടെ വിവാഹകാര്യത്തിനായി താൻ കോഴിക്കോട്ടേക്ക് പോയത് അയാൾ ഓർത്തെടുത്തു. പിന്നീട് ആലപ്പുഴയിലെ വീട്ടിൽനിന്നും വന്ന ഫോൺ കോളും തുടർന്ന് താൻ തൊട്ടടുത്ത റെയിൽവേ സ്റ്റേഷനിലേക്ക് ഓടിയതും ഓർമ്മയുണ്ട് ആലപ്പുഴ സ്റ്റേഷനിൽ ട്രെയിൻ എത്തിയില്ല അതിനുമുമ്പേ അത് ഓട്ടം അവസാനിപ്പിച്ചു. കോരിച്ചൊരിയുന്ന മഴ അയാളെ അസ്വസ്ഥനാക്കി. ഒരിക്കലും തോരാത്ത മഴയോ..... എറണാകുളം സ്റ്റേഷനിൽ എത്തിയ അയാളെ എങ്ങനെയോ ഒരു കാറിൽ കൂട്ടിക്കൊണ്ടു വരികയായിരുന്നു യാത്രാമധ്യേ അവർ വിവരം പറഞ്ഞു.



തന്റെ സർവ്വസ്വവും നശിച്ചിരിക്കുന്നു. സാരമില്ല തനിക്കത് പരിഹരിക്കാവുന്നതേയുള്ളൂ. പക്ഷേ പിന്നീട് കേട്ട വാർത്ത ഹൃദയഭേദകമായിരുന്നു. തന്റെ ഭാര്യയും രണ്ട്മക്കളും പ്രളയദുരിതത്തിൽ പെട്ടിരിക്കുന്നു. അർദ്ധബോധാവസ്ഥയിൽ അയാൾ വീട്ടിലെത്തി. തന്റെ പ്രിയപ്പെട്ടവരുടെ ചേതനയറ്റ ശരീരമാണ് അയാൾ ആദ്യം കണ്ടത്. വർഷങ്ങൾക്ക് മുൻപ് തന്റെ വലതുകരം പിടിച്ച് ഇറങ്ങിവന്ന് തന്റെ സുഖദുഃഖങ്ങളിൽ എന്നും കൂട്ടായിരുന്നവർ..... തൊട്ടടുത്തുതന്നെ വെള്ളത്തുണിയിൽ പൊതിഞ്ഞ ശരീരങ്ങൾ ആയ തന്റെ പ്രിയ മക്കൾ..... പിന്നീട് അയാൾ എല്ലാം മറന്ന മയക്കത്തിലായിരുന്നു. മുഖത്ത് ആരോ തളിച്ച വെള്ളത്തുള്ളികൾ അയാളുടെ ബോധം വീണ്ടെടുത്തു.' സമയമായി' എന്ന ശബ്ദവും



' ആരെങ്കിലും കാണാനുണ്ടോ?' എന്ന ശബ്ദവും അയാളിൽ വല്ലാത്തൊരു ഏകാന്തതയും അനാഥത്വവും സൃഷ്ടിച്ചു. തേങ്ങി കരച്ചിലുകൾ ആർത്താനാദമായി അയാളുടെ കർണ പുടങ്ങളിൽ വന്നലച്ചു. ഈ സമയം സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിലെ അന്തിച്ചോപ്പിൽ മുങ്ങിക്കുളിച്ച് മറയുകയായിരുന്നു.

## കഥ



ഹാജ്റ
VIII .D

## പ്രതീക്ഷയുടെ ഒരു കത്ത്

എല്ലാവരുടേയും കുറ്റപ്പെടുത്തലുകൾക്ക്ശേഷം അന്ന് വൈകിയാണ് ഞാൻ ഉറങ്ങിയത്. അമ്മ മരിച്ചതോടെ എന്റെ താമസം വകയിലുള്ള ഒരു ചേച്ചിയുടെ വീട്ടിലാണ്. അച്ഛന്റെ താമസം പട്ടണത്തിലാണ് , അതുകൊണ്ട് എല്ലാമാസവും അച്ഛൻ വലിയൊരു തുക ചേച്ചിയുടെ പേരിൽ അയച്ചുകൊടുക്കും. അതുകൊണ്ട് അവർ എന്നെ വലിയ ഇഷ്ടമായിരുന്നു. ഒരു തവണപോലും അച്ഛൻ അത് മുടക്കിയിട്ടില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ഞാൻ അച്ഛന് കത്ത് എഴുതുമായിരുന്നു. ചിലതിന് മറുപടി തരും ചിലതിന് ഇല്ല. മാസത്തിൽ ഒരു തവണ അച്ഛൻ വിളിക്കും, പക്ഷേ ഞാൻ സംസാരിക്കാറില്ല. കാരണം, എന്റെ മറുപടി കേൾക്കുമ്പോൾ അച്ഛന് വിഷമമാകും. എന്നാൽ ഉടനെതന്നെ അച്ഛന് അടുത്ത കത്ത് അയച്ചിരുന്നു .

പതിവില്ലാതെ ഒരുദിവസം അച്ഛന്റെ കത്ത് പോസ്റ്റുമാൻ എന്നെ ഏൽപ്പിച്ചു." മോള് വിഷമിക്കരുത് അച്ഛൻ ഉടനെ എത്തും. ഇനി മോള് കത്തുകൾ അയക്കേണ്ട. നന്നായി പഠിക്കണം. വലിയ ആളാകണം". പിന്നീട് അച്ഛന്റെ കത്തുകൾ വന്നില്ല. ചേച്ചിയുടെ പേരിലുള്ള പണവും നിലച്ചു. എന്റെ ഹൃദയമിടിപ്പ് അച്ഛൻ അറിയുന്നുണ്ടാവുമോ?. പണം വരാതായപ്പോൾ ചേച്ചിയുടെ സ്നേഹം എങ്ങോട്ടോ മാഞ്ഞുപോയി.

പിന്നീടുള്ള ദിവസങ്ങളിൽ എനിക്ക് നൽകിയത് വെറുപ്പിന്റെയും കുറ്റപ്പെടുത്തലുകളും ആയിരുന്നു. പിന്നെ ദുഃഖങ്ങൾ നിറഞ്ഞ നാളുകളായിരുന്നു. അങ്ങനെ ഒരു മാസം കടന്നുപോയി. അങ്ങനെയിരുന്നപ്പോൾ ഒരു വൈകുന്നേരം ചേച്ചി പെട്ടെന്ന് എന്റെ മുറിയിലേക്ക് വന്നു. എന്നിട്ട് നാളെത്തന്നെ ഇവിടം വിട്ട് പോകണമെന്നും നിന്നെ ഞങ്ങൾക്ക് ചുമക്കാൻ കഴിയില്ലെന്നും പറഞ്ഞു.

പിറ്റേന്ന് രാവിലെ ചേച്ചി എന്നെ വിളിച്ചുണർത്തി.



പിന്നീട് ചേച്ചിക്ക് എന്നെ വീട്ടിൽനിന്ന് ഇറക്കിവിടാനുള്ള തിടുക്കമായിരുന്നു. എനിക്ക് അച്ഛനെ കാണണമെന്ന് ആവശ്യപ്പെട്ട് കരഞ്ഞു, അപ്പോൾ പെട്ടെന്നൊരു വണ്ടി വീട്ടുമുറ്റത്തേക്ക് വന്നു അത് പട്ടാളക്കാരുടെ വണ്ടിയായിരുന്നു. ഞാൻ ചോദിച്ചു , അച്ഛൻ എവിടെ?. മറുപടി അച്ഛൻ മരിച്ചു എന്നായിരുന്നു ,എന്ന് പറഞ്ഞുകൊണ്ട് ഒരു പെട്ടി പുറത്തേക്ക് എടുത്തു താഴെ വെച്ചു. ഞാൻ കരഞ്ഞുകൊണ്ട് പെട്ടിക്കടുത്തേക്ക് ഓടി . അച്ഛൻ യാത്രയായി.



## കവിത



**ബിജില. എസ്. ബിജു**

V. C

## കളനാദം കിളിഗാനം

ചെറുതേൻ പക്ഷി നീ പാട്ടു.
നിൻ കളനാദം എന്നിൽ ഉത്സാഹം ഏകുന്നു.
അരുവികൾ പുതുനിറം നുകരും
അത്യുന്മേഷ ഗാനങ്ങൾ,
നിൻ ഈണങ്ങൾ,
ഒരു കഥകൾ , പല കഥകൾ
നിൻ ചുണ്ടിൽ നിന്നും കേൾക്കവേ.
സ്നേഹമെൻ മനസ്സിൽ കിളിർത്തിടുന്നു
വരുംകാല വിസ്മയങ്ങളിൽ
ഞാൻ മറക്കാതെ ഈണം
ചൊരിയും നിൻ നാദം
മണിമുകിൽ ഉണർത്തുന്നു
കിളി ഗാനം കേട്ടു
നിൻ കളഗാനം എന്നെ ഉണർത്തി



## ലേഖനം



**ആത്തിക്ക ജലീൽ**

**VIII.A**

## സംസ്കാരവും വിദ്യാഭ്യാസവും

മൂല്യബോധവും തിരിച്ചറിവുമാണ് സംസ്കാരം .ആരാണെന്ന ഉള്ളറിവും മറ്റുള്ളവർ ആരൊക്കെയാണെന്നുള്ള തിരിച്ചറിവും സംസ്കാരത്തിന്റെ ഭാഗം തന്നെ.നിയതവും , നിശ്ചിതവുമായ പരിധിക്കുള്ളിൽ നിർത്തി സംസ്കാരത്തെ വിശദീകരിച്ചാൽ അന്തസത്തയ്ക്ക് കോട്ടം തട്ടുമെന്ന് ഈ മേഖലയിൽ ചിന്തിച്ച വിജ്ഞാനികൾ പറയുന്നു. ആഴത്തിലും പരപ്പിലും അർത്ഥമുള്ള പദമാണ് സംസ്കാരം വിദ്യാഭ്യാസവും സംസ്കാരവും ഒരു നാണയത്തിന്റെ ഇരു വശങ്ങളാണ്.മനസ്സിന്റെ വെളിച്ചമാണ് സംസ്കാരം. അത് മാധുര്യം നിറഞ്ഞതുമാണ്. മനുഷ്യനെ തിരക്കുകളിൽനിന്നും വേറിട്ടു നിർത്തുന്ന ഘടകം സംസ്കാരം തന്നെ.വൈവാഹിക ഘട്ടങ്ങളും മരണാനന്തരചടങ്ങുകളും എല്ലാം സമൂഹത്തിന്റെ സംസ്കാരികതയുടെ ഭാഗങ്ങൾ തന്നെയാണ്.ഗുരുകുല വിദ്യാഭ്യാസം നൽകിയ സന്തുഷ്ടമായ ഒരു സംസ്കാര പൈതൃകം ഭാരതത്തിനുണ്ട് .ഈ പൈതൃകം കാത്തുസൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുകയെന്നത് നമ്മുടെ കടമയാണ്.

പുതിയ ജനതയ്ക്ക് കാത്തുസൂക്ഷിച്ച സംസ്കാരം പകർന്ന് കൊടുക്കുകയാണ് വിദ്യാഭ്യാസം ചെയ്യുന്നത്.ഓരോ വ്യക്തിയിലും സ്വതന്ത്ര ചിന്തകൾ വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.വിദ്യകൊണ്ട് വളരുന്നത് വിവേകമാണ്. വിവേചിച്ച് അറിയുകയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന്റെ കടമ തന്നെയാണ് നിലവിലുള്ള വിശ്വാസം, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ പരിചയപ്പെടുത്തി കൊടുക്കുന്നു.ഒരു സമൂഹം ശ്രേഷ്ഠം ആണെങ്കിൽ അതിലെ അംഗങ്ങൾ നന്മ ഉള്ളവരാകേണം. മനുഷ്യ നന്മകളെ സഹായിക്കുന്ന ആർശങ്ങളും ജീവിതരീതികളും പാലിക്കാൻ വേണ്ട മനസാന്നിദ്ധ്യം ലഭിക്കുന്നത് വിദ്യാലയങ്ങളിൽ നിന്നാണ്. ഏറ്റവും മുന്തിയ നന്മ, ഏറ്റവും കൂടുതലാളുകൾക്ക് എന്ന സമീപനം ആയിരിക്കണം ഓരോരുത്തർക്കും. ആ നന്മ പ്രധാനം ചെയ്യുന്നത് വിദ്യാഭ്യാസമാണ്. വിജ്ഞാനം വളരുന്നതോടൊപ്പം അടിസ്ഥാന മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തെ ലക്ഷ്യം. ഇവിടെയാണ് സംസ്കാരവും വിദ്യാഭ്യാസവും കൈകോർക്കുന്നത്.



## കവിത



കൃഷ്ണ .എസ്.ജി

VIII.A

### സ്വപ്നം

നീ പോയ വഴികളും നിന്റെ കാലൊച്ചയും
മന്ദമാം നിന്നുടെ ചാരുതയും
എൻ മനസ്സിന്റെ മണിവർണ്ണചെപ്പിനുള്ളിൽ
നീ ഉണ്ടെന്ന തോന്നൽ വിളിച്ചുണർത്തി
എന്തിനെന്നറിയാതെ ഏതിനെന്നറിയാതെ
നിൻറെ മന്ദസ്മിതങ്ങൾ ഞാൻ കാതോർത്തു
എൻ മനസ്സിൽ ഒരു കോണിൽ നിന്നെ കുടിയിരുത്തി
പെട്ടെന്നു വന്നൊരു മധുരമാം കാറ്റിൽ ഞാൻ
കണ്ണുകൾ ചിമ്മി മിഴികൾ തുറന്നു
അപ്പോളെൻ മനം നൊന്തു പോയി
ഞാനറിഞ്ഞു നിന്നുടെ കാലൊച്ച
വെറുമൊരു സ്വപ്നം മാത്രമായിരുന്നുവെന്ന്
വെറുമൊരു സ്വപ്നം മാത്രമായിരുന്നുവെന്ന്





**അതുൽ മോഹൻ**

IX.E

## ഇത് ഒരു നൊബേൽ കുടുംബം

രണ്ട് നൊബേൽ സമ്മാനങ്ങൾക്ക് ഒരു ശാസ്ത്രജ്ഞ അർഹയായത് അത്ഭുതകരമായി തോന്നിയേക്കാം എന്നാൽ മേരിയുടെ കുടുംബത്തിന് നോബേൽ ചരിതങ്ങൾ അതുകൊണ്ടൊന്നും തീരുന്നില്ല.മേടം മേരി ക്യൂറിക്ക് ആദ്യ നോബേൽ സമ്മാനം ലഭിച്ചത് ഫിസിക്സിൽ ആണ്. ആയിരത്തിതൊള്ളായിരത്തിമൂന്നിലാണ് എന്ന് നിങ്ങൾക്കറിയാം . അത് ഹെൻറി ബെകുറൻ, മേരിയുടെ ഭർത്താവ് പിയറി ക്യൂറി എന്നിവർക്കൊപ്പം. രണ്ടാമത്തെ നൊബേൽ സമ്മാനം ആകട്ടെ കിട്ടിയത് കെമിസ്ട്രിയിലും . ഈ സമ്മാനത്തുക ഉപയോഗിച്ചുകൊണ്ട് അവർ പാരീസിൽ റേഡിയം ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഗവേഷണസ്ഥാപനത്തിന് തുടക്കമിട്ടു. ഇത് അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു ഗവേഷണം പഠനസ്ഥാപനമാണ്.മേരി- ക്യൂറി ദമ്പതികൾക്ക് രണ്ട് പേർക്കും നോബേൽ സമ്മാനത്തിന് കഥകൾ തന്നെ പറയാനുണ്ട് മൂത്ത മകൾ തിരക്ക് ഐറിൻ അവരുടെ ഭർത്താവ് ഫ്രെഡറിക് ഷോലിയോ. ഇതുവരെ നാം അറിഞ്ഞത് ചില വസ്തുക്കൾ സ്വഭാവികമായി റേഡിയോ ആക്റ്റിവിറ്റി കാണിക്കുന്നതാണ്. എന്നാൽ ഐറിൻ ഫ്രെഡറിക് ദമ്പതികൾ കൃത്യമായി റേഡിയോ ആക്ടിവിറ്റിഉണ്ടാക്കി ശാസ്ത്ര ചരിത്രം സൃഷ്ടിച്ചു. അലൂമിനിയം എന്ന ലോഹത്തിലേക്ക് റേഡിയത്തിൽ നിന്ന് വരുന്ന ആൽഫാ റെ കടത്തിവിട്ടപ്പോൾ ഒരു പുതിയതരം ഫോസ്ഫറസ് ഉണ്ടായതായി കണ്ടു. ഇങ്ങനെയുണ്ടാകുന്ന ഫോസ്ഫറസ് റേഡിയോ ആക്റ്റീവത കാണിക്കുന്നു. ഇതിനാണ് ഐറിൻ- ഫ്രെഡറിക് ദമ്പതികൾക്ക് നോബേൽ സമ്മാനം(1935 ൽ) ലഭിച്ചത്.

ഈ പരീക്ഷണങ്ങളാണ് പിന്നീട് കൃത്രിമ മൂലക നിർമ്മാണത്തിലേക്കും അണുവിഘടനത്തിലേക്കും ഒക്കെ നയിച്ചത്.ഐറിൻറെ ഇളയ സഹോദരി ഈവ് ഒരു സംഗീതജ്ഞയും പത്രപ്രവർത്തകയും എഴുത്തുകാരിയും ആയിരുന്നു . ആയിരത്തിതൊള്ളായിരത്തിഅറുപത്തിഅഞ്ചിലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചത് യൂനിസെഫി ആണ്. അത് ഏറ്റുവാങ്ങിയത് ഈവിൻറെ ഭർത്താവ് ഹെൻറിലബോയിസും . യൂനിസെഫിൻറെ ആന്നത്തെഡയറക് ടറായിരുന്നു അദ്ദേഹം.



**Poem**




**Adithya .P.S**

**V.B**

## BIRDS SONG

If ever I see,
On bush or tree,
Young birds in a pretty nest,
I must not ,in my play,
Steal the birds away,
To grieve their mother's breast.
My mother I know
Would sorrow so,
should I be stolen away,
so I'll speak to the birds,
In my softest words,
Nor hurt them in my play.







അജയ്. കാർത്തിക്


**VIII.B**



ചന്ദന .ഉദയൻ

**V.B**







**അഭിജിത്ത്.എ**

IX.E




**അതുൽ മോഹൻ**

IX.E







**ആകാശ്**

**X.F**









ആരോമൽ ആർ

VII.C



ബ്ലെസ്സി

VIII.D









അനന്തു കെ.എ

VIII.B



ആദിത്യ .എം .ആർ

**IX.B**



ഗൗരി കൃഷ്ണ .ജെ

**VII.C**









സാന്ദ്ര.പ്രതാപ്

**VIII.E**

# ഗവ.ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## നമ്മുടെ വിദ്യാലയത്തിന്റെ അഭിമാന നക്ഷത്രങ്ങൾ



സംസ്ഥാന ഐടി മേളയിൽ ഡിജിറ്റൽ പെയിൻറിംഗിൽ എ ഗ്രേഡ് നേടി ഗ്രേസ് മാർക്കിന് അർഹനായ

**കൃഷ്ണനുണ്ണി. ബി പത്ത് .എ**



സോഷ്യൽ സയൻസ് ടാലൻറ് സേർച്ചിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടി ഗ്രേസ് മാർക്കിന് അർഹനായ ,സയൻസ് ടാലൻറ് സേർച്ചിലും, സി വി രാമൻ ഉപന്യാസ രചനയിലും സബ്ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും ലഭിച്ച

**രമേശ് കണ്ണൻ പത്ത്. ഇ**

## ശാസ്ത്രമേള വിജയികൾ

### ശാസ്ത്ര,ഗണിതശാസ്ത്ര മാഗസിനുകൾ









**ശ്രീലക്ഷ്മി രവികുമാർ**

**VIII.C**

**സോനാ ജോയ്സൺ**

**VIII.C**





**ആനന്ദ് വിഎസ്**

**X.E**

**ഷിഹാസ് എഫ്**

**X.E**



## ഗണിതശാസ്ത്രമേള വിജയികൾ



അനുപ്രിയ



സ്നേഹ സുരേഷ്



നിഥിൻ . എൻ. എസ്



പാർവതി. എസ്. കുമാർ



നയന. എ. വി



കൃഷ്ണേന്ദു. വി. ആർ



പ്രവിത. ഹരി



വിജിത്ത് വിൽസൺ



മഞ്ജിമ

# സ്പോർട്സ് വിജയികൾ

## ഷോട്ട്പുട്ട്



ഗൗരി. ബി

X.D

## ഹാൻഡ് ബോൾ ടീം




## വോളിബോൾ ടീം



## യുവജനോത്സവ വിജയികൾ

### അറബിക് പോസ്റ്റർ രചന



ഷഹാന. എസ്

**X.E**

### അറബിക്ക് ഖുറാൻ പാരായണം



മുഹമ്മദ് നാസീം

**IX.D**

### ലളിതഗാനം



ആദിത്യൻ . വി.കെ

**VIII.C**



അപർണ .വി.ആർ

IX.D

സംസ്കൃത പ്രഭാഷണം

മോണോ ആക്ട്

ഹിന്ദി പദ്യം ചൊല്ലൽ

കുച്ചിപ്പുടി

കോൽക്കളി ടീം






യുവജനോത്സവ ശാസ്ത്ര നാടകങ്ങളിൽ
മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ട



കൃഷ്ണ .എസ് .ജി

**VIII.A**

യുവജനോത്സവ നാടകം, ശാസ്ത്ര നാടകം ടീം



## സംസ്കൃത സ്കോളർഷിപ്പ് വിജയികൾ

### യുപി



ദേവനന്ദ ആർ.എസ്

**V.B**



ശ്രീഹരി .എസ്. പിള്ള

**V.B**



ശ്രേയസ്. എസ്. കുമാർ

**VI.D**



കൃഷ്ണ . എസ്. ജി

**VII.A**



അർജ്ജുൻ.എ

**VII .D**

## ഹൈസ്കൂൾ



**പവിൻ. എ**

**VIII.D**



**അപർണ. വി . ആർ**

**VIII.D**



**ആദിത്യ കൃഷ്ണൻ**

**IX.D**



**നിസി. മനോജ്**

**X.D**



**ആര്യാ.ആർ**

**X.D**

## U.S.S വിജയികൾ



അനാമിക. എസ്

( Gifted Student )



ദേവേന്ദു



പ്രീമ



വൈഷ്ണവി . വി



സോനാ ജോയ്സൺ



സായൂജ്യ. എസ്. നായർ



സിബി മോനച്ചൻ


## ന്യൂ മാറ്റ്സ്



വൈഷ്ണവ്. എസ്



ഹന്നാ സാബു



# ഗവഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## ഡിജിറ്റൽ പെയിന്റിങ്ങ്



**കൃഷ്ണനുണ്ണി.ബി**

**X.A**



**കവർപേജ് തയ്യാറാക്കിയത് കൃഷ്ണനുണ്ണി.ബി**



ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഈ നവ സംരംഭത്തിൽ ഞങ്ങളോടൊപ്പം നിന്ന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ബഹുമാനപ്പെട്ട എച്ച്. എം, അധ്യാപകർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, മറ്റു വിദ്യാർത്ഥികൾ ഏവർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പേരിലുള്ള നന്ദി അറിയിക്കട്ടെ.......

നന്ദി...........

